# സി. സി. പി

# നവമുകുളങ്ങൾ




C.C.P.L.M. ANGLO-INDIAN H.S. SCHOOL
PERUMANOOR
COCHIN-15

## 2023-24

little KITEs

# മുഖമൊഴി

"കണ്ണുവേണമിരുപുറമെപ്പോഴും
കണ്ണു വേണം മുകളിലും താഴേം
കണ്ണിലെപ്പോഴും കത്തിജ്വലിക്കു-
മുൾക്കണ്ണു വേണമണയാത്ത കണ്ണ്.
നാളെ നിന്നെ ഞാൻ ഞാൻ
കൊത്തിമാറ്റുമ്പോൾ
നാളെകൾ നിന്നെ മാടി വിളിക്കും."

കടമ്മനിട്ട രാമകൃഷ്ണന്റെ കോഴി എന്ന കവിതയിലെ വരികളാണിവ.പല തരത്തിലുമുള്ള വെല്ലുവിളികൾ നേരിടുന്ന യുവതയ്ക്ക് അനുവർത്തിക്കുവാനും പ്രസരിപ്പിക്കുവാനും കഴിയുന്ന ഒരുജ്ജ്വല കാവ്യ ജീവിത വഴിയാണ് കവിത പ്രോജ്ജ്വലിപ്പിക്കുന്നത്. ജീവിതത്തിൽ ചതിക്കുഴികൾ തിരിച്ചറിയേണ്ടതിന്റെ സ്വന്തം കാലിൽ നില്ക്കേണ്ടതിന്റെ ഉജ്ജ്വലാഹ്വാനമാണ് കവിത. അത്തരത്തിലൊരു ക്രിയാത്മമായ കുട്ടിക്കൂട്ടം എഴുത്തുകൂട്ടം വായനക്കൂട്ടം നാടിന് അഭിമാനമാണ് ആഹ്ലാദമാണ് കരുത്താണ്.

**എഡിറ്റർ - സാന്ത മരിയ**

# ഉള്ളടക്കം

# പേജുകൾ

3 - 53

1. മഴയെത്തും നേരത്ത് - മനീഷ് മനോജ് 5
2. വേദനയുടെ പൂക്കൾ - കൃഷ്ണേന്ദു എ എസ് 6
3. അക്കർമാശി - ഒരു ദളിത് ജീവിത പരിപ്രേക്ഷ്യം നവനീത് കൃഷ്ണ 7
4. കേരളചരിത്രം കുട്ടികൾക്ക് - ഒരു മറിച്ചു നോട്ടം നിരഞ്ജൻ എം ജി 12
5. ആകാശത്തേക്ക് വളരുന്ന പുല്ലുകൾ - ഒരു നവ രൂപാന്തരണ കാവ്യ സപര്യ ശിവനന്ദ പി എസ് 13
6. അതെ മഴ എന്നും അങ്ങിനെയായിരുന്നു - മഴയനുഭവം - മനീഷ് മനോജ് 15
തണൽ തേടുന്ന വാർദ്ധക്യം- അർജ്ജുൻ കെ എ 17
7. ഇന്ത്യയെ കണ്ടെത്തൽ - അരുൺ പി എ 19
8. സ്ത്രീ രചനയുടെ കഥായാനം - ശിവനന്ദ എ എസ് 22
9. അച്ഛനിൽ നിന്ന് മകനിലേക്ക് നീളുന്ന വായന - ശ്രീജിത്ത് എസ് 25
10. കാഫ്കയുടെ കഥകളിലെ അസംബന്ധ ഭാവങ്ങൾ - നിവേദ് അനിൽ 30
11. കൊത്താറൻ - വായനാനുഭവം - വൈഷ്ണവ് എം ജയകുമാർ 34
12. മൂന്നാറിന്റെ അഴക് - സാന്താ മരിയ 36
13. പുഴ വെറും ജലമല്ല - അദ്വൈത് കൃഷ്ണ 39
14. പുറന്താൾക്കുറിപ്പ് - രണ്ടു നഗരങ്ങളുടെ കഥ 41
15. ധീരതയ്ക്കൊരു സമ്മാനം - അഗസ്റ്റിൻ ആന്റണി 42
16. കാട്ടു പച്ച മണക്കുന്ന ഒരു പഠനത്തിനു പിറകേ - സാദിയ 43
17. അബോധത്തിന്റെ ബോധവഴികളിൽ നിന്ന് ഇഷ്ടവരികൾ - മുഹമ്മദ് അദിനാൻ 45
18.നാരായണഗുരു-വായനാനുഭവം അർച്ചന ഷിബു 46
19.വാഴ്ത്തുകൾ - പാബ്ലോ നെരൂദ 50
20.ആൽക്കെമിസ്റ്റിലൂടെ ഒരു യാത്ര - ലക്ഷ്മി കൃഷ്ണ 53

മഴയനുഭവം

# മഴയെത്തും നേരത്ത്

മനീഷ് മനോജ്
ക്ലാസ്സ് എട്ട്

ഒരു അവധിക്കാലമായിരുന്നു അത്.ആകാശം കറുത്തു തുടങ്ങി.കിളികൾ കൂടുതേടി പറക്കാൻ തുടങ്ങി.
ഞാനാ ജനാലയിലൂടെ പുറത്തേക്ക് കൈ നീട്ടി.മഴത്തുള്ളികൾ കയ്യിൽ പതിച്ചു.
ഹൊ!എന്തൊരു തണുപ്പ്!
പുറത്തിറങ്ങിയാലോ?വേണ്ട,അമ്മ തല്ലും.
മഴ കൊണ്ടാൽ പനി വരുമെന്ന് മുത്തശ്ശി.അതോണ്ടാവും അമ്മയുസമ്മതിക്കാത്തത്.ഞാൻ ഉമ്മറത്തേക്ക് നടന്നു.ഉമ്മറപ്പടിയെല്ലാം ആകെ നനഞ്ഞിരിക്കുന്നു.
മഴ കണ്ടപ്പോൾത്തന്നെ എന്തെന്നില്ലാത്ത സന്തോഷം.മഴയത്തിറങ്ങി തുള്ളിച്ചാടാൻ തോന്നുന്നു.അമ്മ പുതിയ പുള്ളിക്കുടയുമായി പുറത്തേക്ക് വന്നു.അമ്മയുടെ കൈ പിടിച്ചു മഴത്തു കൂടി നടക്കാൻ എന്തു രസം.മഴയുടെ ശബ്ദവും പേക്രോം പേക്രോം എന്ന് ഒച്ചവച്ചുള്ള തവളകളുടെ ചാട്ടവും എന്ത് രസമാണെന്നോ?

അമ്മ കുളക്കടവിലേക്കാണ് കൊണ്ടുപോയത്.കുളത്തിൽ മീനുകളെല്ലാം തുള്ളിച്ചാടി രസിക്കുന്നു.വാഴകളെല്ലാം താഴെ ഒടിഞ്ഞു വീണു കിടക്കുന്നു.

ഓ!മഴക്ക് ഇത്ര ശക്തി ഉണ്ടല്ലേ?

ഹായ്! തോട്ടിലൂടെ വെള്ളം ഒഴുകിപ്പോകുന്നത് കാണാൻ എന്തു രസമാ!

ഈ വെള്ളമെല്ലാം എങ്ങോട്ടാ പോകുന്നുണ്ടാവുക?

അമ്മ എന്റെ സംശയം കേട്ട് ചിരിച്ചു പറഞ്ഞു:അതെല്ലാം പുഴയിലോ കിണറിലോ എത്തും.
ഹാ!അതാണല്ലേ കിണറെല്ലാം നിറയുന്നത്.
അമ്മയോടൊപ്പം വീണ്ടും നടന്നു.

പൂക്കളൊക്കെ ഇന്നലത്തെപ്പോലെ വാടി ക്ഷീണിച്ചൊന്നുമല്ല,എന്തൊരുണർവ്വ്.കാണാൻ തന്നെ പ്രത്യേക ഭംഗി.

പെട്ടെന്ന് ശക്തമായ ആ കാറ്റ് വീണ്ടും വീശാൻ തുടങ്ങി.അമ്മ കൈ പിടിച്ച് നടക്കാൻ തുടങ്ങി.ഉമ്മറക്കോലായിലേക്ക് ഞങ്ങൾ വേഗം കയറി.
മഴ തിമർത്തു പെയ്യുകയാണല്ലോ?മുറ്റം നാളെത്തന്നെ വെള്ളം കൊണ്ട്നിറയും.നിറയട്ടെ!!!
എന്നിട്ട് വേണംഉമ്മറപ്പടിയിലിരുന്ന് കടലാസുതോണി ഉണ്ടാക്കി ഒഴുക്കാൻ.നിറയെ തോണി ഉണ്ടാക്കണം.പെട്ടെന്ന് നാളെ ആയാൽ മതിയായിരുന്നു.വേഗം മുത്തശ്ശിയുടെ മടിയിൽ കയറിയിരുന്ന് മഴയെത്തന്നെ നോക്കി അങ്ങനെ കിടന്നു.

തണുപ്പ് കൊണ്ടോന്നറീല  ഞാൻ പെട്ടെന്ന് ഉറങ്ങിപ്പോയി.

എഴുന്നേറ്റപ്പോൾ മഴയെല്ലാം തോർന്നിരിക്കുന്നു.ആകെ വിഷമമായി.

പിന്നെ അടുത്ത മഴക്കു വേണ്ടിയുള്ള കാത്തിരിപ്പായിരുന്നു.

# വേദനയുടെ പൂക്കൾ

കൃഷ്ണേന്ദു എ എസ്

ഉഷ്ണകാലത്തിന്റെ അഗ്നിയിൽ പൂത്ത
എന്റെ മൗനരാഗത്തിന്റെ മനോഹരകാലമേ
സാന്ദ്ര സൗഹൃദത്തിന്റ
അകളങ്ക ബാല്യം കടന്നു ഞാൻ
നിന്നിലേക്കെത്തുമ്പോൾ
നമ്മുടെ കാല്പ്പാദം പതിഞ്ഞ
കളിസ്ഥലങ്ങളിലെല്ലാമേതോ
ചാട്ടുളിക്കണ്ണുകൾ പിൻപറ്റുമ്പോൾ
മോഹമൗനത്തിന്റെ
മഞ്ഞു മൂടിപ്പൊതിഞ്ഞൊരെന്റെ
സ്വപ്നഗാന്ധാരം നീറിപ്പുകയുന്നു.



ചിതലുകേറിപ്പരക്കുന്നു ചിന്തയിൽ
പുസ്തകച്ചുമരിലാകെ മാറാല നെയ്യുന്നു.
കുടില തന്ത്രങ്ങൾ ചുറ്റിലും ലോകം.
വെയിലു മാഞ്ഞതിൽ കരിനിറം പൂണ്ടു
പെരും പ്രളയമെത്തിപ്പരക്കുന്നു വീണ്ടും.
എന്റെ പ്രണയ കൗമാര സ്വപ്നങ്ങളിൽ
ഞാൻ കണ്ട
മഴവില്ലു മാഞ്ഞതിൽ കലഹം പടരുന്നു.



ഉയരുന്നു ധൂളികൾ വെടിയുണ്ടകൾ
കാലം ഒരു നീണ്ട തേങ്ങലായ് മാറുന്നു.
ചോര ചീറ്റുന്ന താരാട്ടുമായമ്മമാർ
ലോക ഭൂപടത്തിന്റെ മാറിൽ
ഭാണ്ഡം കണക്കിന് തോളത്ത് മക്കളെ
പേറുന്ന കാലമായച്ഛൻ.
വറ്റാത്ത കണ്ണുനീരായി നിണമായി
നെടുവീർപ്പുമാത്രമായ്
കാലത്തിനിക്കരെ മൗനമായ് കാവലായ്
കാലമെത്താതെ ഞാനും.



# അക്കർമാശി - ഒരു ദളിത് ജീവിത പരിപ്രേക്ഷ്യം

മഹാരോഗം മറച്ചുവക്കപ്പെടേണ്ടതുപോലെ തന്റെ ജീവിതവും മറച്ചുവക്കപ്പെടേണ്ടതാണെന്ന അപകർഷ തയോടെയാണ് ലിംബാളെ തന്റെ ആമുഖക്കുറിപ്പ് ആരംഭിക്കുന്നത് തന്നെ. അമ്മയ്ക്കും മുത്തശ്ശിക്കുമപ്പുറം ഒരു വംശ ചരിത്രമില്ലാത്ത ലിംബാളെയുടെ ആത്മകഥ -അക്കർമാശി.

കർണ്ണാടക – മഹാരാഷ്ട്ര അതിർത്തിയിൽ ഉള്ള ഒരു ഗ്രാമത്തിൽ ജനിച്ച ലിംബാളേ. അമ്മ മഹാർ ജാതിക്കാരി - കീഴ് ജാതീക്കാരിയെന്നർത്ഥം. അച്ഛൻ ലിംഗായത്ത ജാതിക്കാരൻ - മേൽ ജാതിക്കാരൻ.അച്ഛൻ ജന്മി മാളികയിൽ അമ്മ കുടിലിൽ - ഭൂരഹിതയും.ജന്മം തന്നെ നൈതിക ബാഹ്യമായ ഒന്നാണെന്ന് വിധിക്കപ്പെടുന്ന നീതിശാസ്ത്രങ്ങൾ ഇന്ത്യയുടെ തന്നെ പരിച്ഛേദമാകുന്നു.

എന്നും എല്ലാക്കാലത്തും സമ്പന്നരും പ്രബലരും ചൂഷകരും ആയുള്ളവരുടെ ചൂഷണത്തിന് ഇരയാകുന്നത് സ്തീകളാണ്. പുരുഷൻ  അതിക്രമം കാണിക്കുമ്പോഴും സ്ത്രീയെ മാത്രം അയിത്തക്കാരിയും ദരിദ്രയുമായി തിരസ്കരിക്കുന്ന ജാതി മേൽക്കോയ്മയേയും ദളിത് പാർശ്വവൽക്കരണത്തേയും തുറന്നു കാട്ടുന്നുണ്ട്'അക്കർമാശി'യിൽ ലിംബാളെ.

മാറ്റിനിർത്തപ്പെട്ടവന്റെ എല്ലാത്തരം അവഹേളനങ്ങളും അനുഭവിച്ചു വളർന്ന  ലിംബാളെ അക്കർമാശിക്കുള്ള ആമുഖത്തിൽ  ഇങ്ങനെ രേഖപ്പെടുത്തുന്നു:”അടിമത്ത ത്തിൽകഴിയുന്ന സർവ്വരും അടിമത്തത്തിനെതിരായ പോരാട്ടങ്ങൾ നയിക്കുന്ന മുഴുവൻ പേരും എന്റെ സ്വന്തമാണെന്നതോന്നൽ എനിക്കുണ്ടാകുന്നു.

ജനിച്ച രാജ്യത്ത് Who am I? എന്ന ഐഡെന്റിറ്റി ക്രൈസിസ് ഉണ്ടാവുക എന്നത് അങ്ങയറ്റം വേദകരമാണ്. അങ്ങനെ 'ഞാനാരാണ്'എന്ന ചോദ്യങ്ങളിൽ നിന്നാണ് 'അക്കർമാശി' എന്ന ആത്മകഥ ലിംബാളെ പൂർത്തിയാക്കത് എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.

അർദ്ധജാതിക്കാരനായി അങ്ങേയറ്റം താഴ്ന്നവനായി വളർന്നു വന്നതിന്റെ കണ്ണാടിച്ചിത്രങ്ങളാണ് അക്കർമാശിയിൽ വാക്കകളായി അദ്ദേഹം വിരിയിച്ചെടുത്തിരിക്കുന്നത്

കുട്ടിക്കാലം മുതൽ കണ്ടതും കേട്ടതും അനുഭവിച്ചതുമെല്ലാം സൂക്ഷമമായിത്തന്നെ ഒപ്പിയെടുത്തിട്ടുണ്ട് ഓർമ്മകളിൽ നിറഞ്ഞതൊക്കെ പറയണമെന്ന് കരുതിയതൊക്കെ എന്ന് ലിംബാളെ കുറിക്കുന്നു.

എഴുതിക്കൂട എന്ന് വിധിക്കുന്ന പലതും ജീവിതത്തിൽ പിന്നീട് കടന്നു വരുന്ന ഭാര്യ മുതൽ സഹോദരി ബന്ധുമിത്രാദികൾ വരെ വിലക്കുന്ന കാര്യങ്ങൾ പക്ഷേ ലിംബാളേയ്ക്ക് എഴുതിയേ മതിയാകുമായിരുന്നുള്ളൂ.

ഇന്ത്യൻ ഭരണഘടനയുടെ പതിനാലാം വകുപ്പിൽ ‘നിയമത്തിനുമുമ്പിൽ എല്ലാവരും തുല്ല്യരാണ് എന്നെഴുതി വച്ചിട്ടുണ്ട്. എന്നാൽ പേഴ്സണൽ ലോ ഇതു നിഷേധിക്കുന്നു. പേഴ്സണൽ ലോ തന്തയില്ലാത്തവൻ തന്തയ്ക്കു പിറന്നവൻ എന്ന് വേർതിരിക്കുന്നുവെന്ന് ലിംബാളെ വെട്ടിത്തുറന്നെഴുതുന്നു.നിലയ്ക്കാത്ത എഴുത്തും നിലയ്ക്കാത്ത പണിയും നിലയ്ക്കാത്ത ജാഗ്രതയും എന്നും കീഴേക്കിടയിലുള്ളവന്റേതു മാത്രം ആകുന്ന മനോഭാവത്തോടു കൂടി കലഹിക്കുന്നുണ്ട് ലിംബാളെ.

രണ്ടു മരത്തണലിലായി ഇരുന്ന് ഭക്ഷണം കഴിക്കുന്ന രണ്ട് സ്ഥലങ്ങളിലായി കളിക്കുന്ന മാറ്റി നിർത്തപ്പെടുന്ന ബാല്യമായിരുന്നു ലിംബാളെയുടേത്.ഭക്ഷണപ്രിയനും എത്ര കഴിച്ചാലും വിശപ്പു മാറാത്തവനും എന്ന അമ്മപ്പരാതി ഏറ്റുവാങ്ങിയവനും.ഭൂമി മുഴുവൻ വിഴുങ്ങുകയല്ല ചവച്ചരയ്ക്കണമെന്നു തോന്നിയിട്ടുണ്ടത്രേ കുഞ്ഞു ലിംബാളേയ്ക്ക്.സമ്പന്നരും ഉയർന്ന ജാതീയരും മുന്തിയ ഭക്ഷണ പദാർത്ഥങ്ങൾ കഴിക്കുമ്പോൾ വനഭോജനത്തിന്റെ എച്ചിൽപ്പൊതികൾ ഏറ്റുവാങ്ങി മഹാർകുട്ടികൾ വിശന്ന കഴുകൻമാരേപ്പോലെ പിന്നാലേ പായുന്ന കാഴ്ച.

അമ്പലത്തിലോ ശിവക്ഷേത്രത്തിലോ ആയിരിക്കും സ്കൂൾ. അവിടുത്തെ ഉയർന്ന ജാതിയിൽപ്പെട്ട കുട്ടികൾക്ക് പല തരത്തിലുള്ള വിടുവേലകൾ ചെയ്യേണ്ടി വരുന്ന കീഴ്ജാതിയിലെ കുട്ടികൾ. ചവറുപെറുക്കൽ മുതൽ ചാണകം മെഴുകൽ വരെയുള്ളവ.

കൂടെയുള്ള കുട്ടികൾ അപരിഷ്കൃതത്വത്തിന്റെ ഹീനകൃത്യങ്ങൾ ചെയ്യുമ്പോഴും ലിംബാളെ സത്യസന്ധതയുടേയും സമർപ്പണത്തിന്റേയും പാത കൈവിട്ടതേയില്ല എന്നുള്ളതും ലിംബാളേയുടെ ഹൃദയവിശാലതയ്ക്ക് നിദാനമാണ്.ഹിന്ദുക്കളായിരുന്നിട്ടും ഹൈന്ദവരിലെ സവർണ്ണഹിന്ദുക്കളായവരുടെ പാർശ്വവൽക്കരണം ലിംബാളെ തുറന്നു കാട്ടുന്നുണ്ട്.

ഭയത്താൽ മൂത്രമൊഴിക്കാൻ കഴിയാതെ നിക്കറിൽ മൂത്രമൊഴിച്ചു പൊയ ലിംബാളെയെ ദ്രോഹിക്കുകയും മഹാർ മഹാർ എന്ന് ജാതിപ്പേരു വിളിച്ച് കല്ലെറിയുകയും ബാല്യകാലം.


സാന്താമായി എന്നായിരുന്നു ലിംബാളേയുടെ മുത്തശ്ശിയുടെ പേര്. ഏതോ നാട്ടുചെടിയുടെ ഇലഉണക്കിപ്പൊടിച്ചാണ് സാന്താമായി പല്ലു തേച്ചിരുന്നത്. കറുപ്പ് നിറമായിരുന്നു പല്ലുകൾക്ക്.വയറിന്റെ വിശപ്പടക്കാൻ സ്വയം വിൽക്കുന്നവരേയും വരച്ചിടുന്നുണ്ട് കൃതിയിൽ.പലേടങ്ങളിലും വച്ച് ഭക്ഷണത്തിന് മുമ്പിൽ നിന്ന് ആട്ടിയോടിക്കപ്പെട്ടിട്ടുള്ളതിനാൽ പിന്നീട് വയറു നിറച്ച് കഴിക്കാൻ പോലും മനസ്സനുവദിക്കാതാവുന്ന അനുഭവങ്ങൾ.

ചാണകം വാരിയും ചവറു പെറുക്കിയും സാന്താമായിയുടെ പി ന്നാലെ  പോയിരുന്ന കാലം.  ചാണകത്തിൽ പൂഴ്ന്നു കിടന്നിരുന്ന ധാന്യമണികൾ കഴുകിപ്പൊടിച്ച് മാവുണ്ടാക്കി ഭാക്രി ചുടുന്ന സാ ന്താമായിയെ ആയിരുന്നു  ലിംബാളെ അക്കർമാശിയിൽ  ഏറെ പകർത്തിയിട്ടുള്ളത്.അങ്ങനെ ഉണ്ടാക്കുന്ന ഭാക്രി ഒരിക്കലുംസാ ന്താമായി ലിംബാളേക്ക് കൊടുത്തിരുന്നില്ല. ഒരോ അദ്ധ്യായത്തി ലും അതിലെ ഓരോ ഖണ്ഡികയിലുമായി അദ്ദേഹം നേരിട്ടനുഭവി ച്ചുതീർത്ത ദാരിദ്ര്യത്തിന്റെ അവമതിയുടെ അന്ധവിശ്വാസങ്ങളു ടെ പറഞ്ഞാൽ തീരാത്തത്ര സംഭവങ്ങൾ നോവലിൽ.

അവസാനത്തെ അദ്ധ്യായമായ 'ഒരു ദളിത് പ്രസ്ഥാ നം 'എന്ന ഭാഗത്തിൽ ദാദായും സാന്താമായിയും ലിംബാളെയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചൊക്കെ പ്രതിപാദിക്കുന്നുണ്ട്.നാ ട്ടുകാരുടെ വായടപ്പിക്കുവാൻ വേണ്ടി ജാതി മാറ്റിപ്പറയേണ്ടി വരു ന്നവന്റെ Identity Crisis നെ പ്പറ്റി ഗ്രന്ഥകാരൻ ആമുഖത്തിൽ പറ യുന്നുണ്ട്.

"ഒരു ചുമട്ടുകാരനെപ്പോലെ ഏതു വിധം മതപരമായ ചുമടാണ് ഞങ്ങൾ പേറിക്കൊണ്ട് നടക്കുന്നത്!മതത്തിന്റെ ഈ മഹാഭാരം എന്തിനാണ് ഞങ്ങളിൽ കെട്ടിയേൽപ്പിക്കുന്നത്?ഞങ്ങൾക്കിത് വലിച്ചെറിയാൻ കഴിയാത്തതെന്താ?ജാതിയുടേയും മതത്തിന്റേ യും വംശപാരമ്പര്യത്തിന്റേയും കുലമഹിമയുടേയുമൊക്കെ വി ത്തുകളിൽ നിന്നു മുളച്ചുപൊന്തിയ മഹാവൃക്ഷത്തിനു കീഴിൽ മാനവികത എങ്ങനെയാണ് മനുഷ്യന് കൈമോശം വന്നത്?” എന്ന ഖണ്ഡികയാണ് അക്കർമാശി എന്ന കൃതിയിലെ ഏറ്റവും ചിന്തോദ്ദീപകമായ ഭാഗം.

നവനീത് കൃഷ്ണ
പത്താം ക്ലാസ്സ്


ആറാം
പതിപ്പ്
ശരൺകുമാർ ലിംബാളെ
അക്കർമാശി
MATHRUBHUMI BOOKS

# കേരള ചരിത്രം കുട്ടികൾക്ക് - ഒരു മറിച്ചു നോട്ടം

കേരളത്തിന്റെ ചരിത്രം കുട്ടികൾക്ക് അതിവേഗം മനസ്സിലാക്കാൻ കഴിയും വിധം വളരെ ലളിതമായ രീതിയിൽ തയ്യാറാക്കിയിട്ടുള്ള ഗ്രന്ഥമാണ് സൂര്യാ ബുക്സ് പുറത്തിറക്കിയ പി രാധാകൃഷ്ണൻ തയ്യാറാക്കിയ "കേരള ചരിത്രം കുട്ടികൾക്ക്. "

കേരളത്തിന്റെ ഭൂപ്രകൃതി, ഉത്ഭവം സംബന്ധിച്ച കഥകൾ ഐതീഹ്യങ്ങൾ രാജ വംശങ്ങൾ രാജാക്കന്മാർ വിദേശികളുടെ ആഗമനം ഭരണങ്ങൾ, ഐക്യകേരള പ്രസ്ഥാനം കേരളപ്പിറവി തുടങ്ങി അടിയന്തരാവസ്ഥ വരെയുള്ള ചരിത്രം ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

കേരളത്തിന്റെ ചരിത്രം ഏതാണ്ട് മുഴുവനായി തന്നെ ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിക്കുവാൻ പി രാധാകൃഷ്ണന് സാധിച്ചിട്ടുണ്ട്.

നിരഞ്ജൻ എം ജി IX ഡി


# ആകാശത്തേക്ക് വളരുന്ന പുല്ലുകൾ - ഒരു നവ രൂപാന്തരണ കാവ്യ സപര്യ

ശാസ്ത്രത്തിന്റെ സത്വരവും അത്ഭുതാവഹവുമായ വികാസത്താൽ തകർന്നുകൊണ്ടിരിക്കുന്ന ആദർശ്ശ വിശ്വാസങ്ങളോടു കൂടിയ ഈ ലോകത്തിൽ ഇനി കവിത മാത്രമേ തേജോമയമായി നിലകൊള്ളൂവെന്ന് എംഎൻ വിജയൻ മാഷ് മാത്യു ആർണോൾഡിനെ ഉദ്ധരിച്ച് കാവ്യാസ്വാദനത്തെപ്പറ്റി വാചാലനാവുന്നുണ്ട് എന്ന് ചൂണ്ടിക്കാട്ടിയാണ് ആകാശത്തേക്ക് വളരുന്ന പുല്ലുകൾ എന്ന കവിതക്കുള്ള ആമുഖ പഠനം ആരംഭിക്കുന്നത് തന്നെ.ആമു ഖ പഠനത്തിൽ ഡോ.എസ് കൃഷ്ണ കുമാർ തുടരുന്നു, പലപ്രകാരങ്ങളിലും വിന്യസിക്കുന്ന ശിഖരങ്ങളുള്ള മഹാവൃക്ഷ തുല്ല്യമാണ് കവിതകൾ ചമയ്ക്കുന്നവന്റെ കണ്ണുകൾ. കണ്ട കാഴ്ചകളിൽ നിന്ന് കാണാക്കാഴ്ചകളിലേക്കും അവിടുന്ന് ഒരു ഭ്രാന്താവേശത്തോടെ പലകുറി തന്നിലേക്കും വീണ്ടും ഒരാക്രോശത്തോടെയോ ശാന്തമായോ ത്രികാലങ്ങളിലേക്ക് തിരിച്ചു വരവ് ഇല്ലെന്ന് പേടിപ്പിക്കുന്ന ഒരു ഭ്രമാവസ്ഥ തന്നെയാണ് കവി ചക്ഷുസ്സ് എന്നും.

യാത്രയെന്ന് പേരിട്ടു വിളിക്കാനാവാത്ത ഒരു ഇറങ്ങിത്തിരിക്കലാണ് യഥാർത്ഥ കവിതയെന്നും വഴിയോരക്കാഴ്ച്ചകളിലേക്കവ നീളുന്നുവെന്നും ആമുഖകാരൻ പറഞ്ഞുവക്കുന്നു.നരകസ്ഥരായ ധാരാളം അന്യർക്കു വേണ്ടിയുള്ള പാട്ടുകളാണ് അവയത്രേ. കവിതയെഴുത്തിന്റെ 'പച്ചമുറി'യിൽ തൂക്കിയിട്ടിരിക്കുന്ന കവിതാഹാരങ്ങളാണ് വേലായുധൻ കവിതകളെന്ന് അദ്ദേഹം.

അറുപതോളം കവിതകൾ കോർത്തുണക്കിയ ആകാശത്തേക്ക് വളരുന്ന പുല്ല് അങ്ങനെയാണ് വെയിൽ കൊണ്ടുണങ്ങിയ ഹൃദയം ആലിലയുടെ അസ്ഥിപഞ്ജരമായി രൂപാന്തരം ചെയ്യുന്ന കാവ്യസമീക്ഷയായി നമ്മുടെ കൈകളിൽ നിലകൊള്ളുന്നത്.

ഭഗ്നാശരായ എല്ലാ കവികൾക്കും വേണ്ടിയെഴുതുന്ന ഇടപ്പിള്ളി സ്മരണ മുതൽ വെറും സാധാരണമായ വാക്കുകൾ കൊണ്ട് വലിയ വലിയ സമസ്യകളിലേക്കും ചുട്ടുനീറുന്ന പുത്തൻ അസ്വസ്ഥ ബിംബകൽപനകളിലേക്കുമുള്ള കൂട്ടിക്കൊണ്ടുപോകലുകളാകുന്നു ഈ സമാഹാരത്തിലുടനീളം ഉള്ളത്.



തിരസ്കരിക്കപ്പെടുന്നവന്റെ മാറ്റിനിർത്തപ്പെടുന്നവന്റെ അടയാളപ്പെടലായി അയത്നലളിതവും സുന്ദരവുമായൊരു ഭാഷയും ഭാഷയിലെ തീനിറച്ച വാക്കിന്റെ മഴവില്ലഴകും വേലായുധൻ കവിത ആകാശത്തോളം പോന്നതാക്കുന്നു.പുല്ലുകൾ ആകാശത്തേക്ക് വളരുന്ന കാഴ്ച്ച കണ്ട് വന്മരങ്ങൾ നാണിക്കുന്ന കാലംവരുമെന്ന് ആമുഖകാരൻ പറഞ്ഞവസാനിപ്പിക്കുന്നതും അതു തന്നെയാകുന്നു.

പി കെ വേലായുധൻ

# അതെ! മഴ എന്നും അങ്ങിനെയായിരുന്നു!

## മഴയെത്തും നേരത്ത്.

ഒരു അവധിക്കാലമായിരുന്നു അത്. ആകാശം കറുത്തു തുടങ്ങി.കിളികൾ കൂടു തേടി പറക്കാൻ തുടങ്ങി. ഞാനാ ജനാലയിലൂടെ പുറത്തേക്ക് കൈ നീട്ടി.മഴത്തുള്ളികൾ കയ്യിൽ പതിച്ചു.
ഹൊ!എന്തൊരു തണുപ്പ്!
പുറത്തിറങ്ങിയാലോ? വേണ്ട, അമ്മ തല്ലും.
മഴ കൊണ്ടാൽ പനി വരുമെന്ന് മുത്തശ്ശി. അതോണ്ടാവും അമ്മയും സമ്മതിക്കാത്തത്. ഞാൻ ഉമ്മറത്തേക്ക് നടന്നു.ഉമ്മറപ്പടിയെല്ലാം ആകെ നനഞ്ഞിരിക്കുന്നു.

മഴ കണ്ടപ്പോൾത്തന്നെ എന്തെന്നില്ലാത്ത സന്തോഷം. മഴയത്തിറങ്ങി തുള്ളിച്ചാടാൻ തോന്നുന്നു.അമ്മ പുതിയ പുള്ളിക്കുടയുമായി പുറത്തേക്ക് വവന്നു.അമ്മയുടെ കൈ പിടിച്ചു മഴയത്തു കൂടി നടക്കാൻ എന്തു രസം. മഴയുടെ ശബ്ദവും പേക്രോം പേക്രോം എന്ന് ഒച്ചവച്ചുള്ള തവളകളുടെ ചാട്ടവും എന്തു രസമാണെന്നോ?

അമ്മ കുളക്കടവിലേക്കാണ് കൊണ്ടു പോയത്. കുളത്തിൽ മീനുകളെല്ലാം തുള്ളിച്ചാടി രസിക്കുന്നു. വാഴകളെല്ലാം താഴെ ഒടിഞ്ഞു വീണു കിടക്കുന്നു.

ഓ! മഴയ്ക്ക് ഇത ശക്തി ഉണ്ടല്ലേ?

ഹായ്! തോട്ടിലൂടെ വെള്ളം ഒഴുകിപ്പോകുന്നത് കാണാൻ എന്തു രസമാ!

ഈ വെള്ളമെല്ലാം എങ്ങോട്ടാ പോവുന്നുണ്ടാവുക?
അമ്മ എന്റെ സംശയം കേട്ട് ചിരിച്ചു പറഞ്ഞു: അതെല്ലാം പുഴയിലോ കിണറിലോ എത്തും.
ഹാ!അതാണല്ലേ കിണറെല്ലാം നിറയുന്നത്.
അമ്മയോടൊപ്പം വീണ്ടും നടന്നു.

പൂക്കളൊക്കെ ഇന്നലത്തേപ്പോലെ വാടി ക്ഷീണിച്ചൊന്നും അല്ല.എന്തൊരുണർവ്വ്. കാണാൻ തന്നെ പ്രത്യേക ഭംഗി.

പെട്ടെന്ന് ശക്തമായ ആ കാറ്റ് വീണ്ടും വീശാൻ തുടങ്ങി. അമ്മ കൈ പിടിച്ച് നടക്കാൻ തുടങ്ങി. ഉമ്മറക്കോലായിലേക്ക് ഞങ്ങൾ വേഗം കയറി.

മഴ നല്ല തിമർത്തു പെയ്യുകയാണല്ലോ! മുറ്റം നാളെത്തന്നെ വെള്ളം കൊണ്ട് നിറയും. നിറയട്ടെ!!!
എന്നിട്ട് വേണം ഉമ്മറപ്പടിയിലിരുന്ന് കടലാസുതോണി ഉണ്ടാക്കി ഒഴുക്കാൻ.നിറയെ തോണി ഉണ്ടാക്കണം. പെട്ടെന്ന് നാളെ ആയാൽ മതിയായിരുന്നു. വേഗം മുത്തശ്ശിയുടെ മടിയിൽ കയറിയിരുന്ന് മഴയെത്തന്നെ നോക്കി അങ്ങനെ കിടന്നു. തണുപ്പു കൊണ്ടോന്നറീല, പെട്ടെന്ന് ഉറങ്ങിപ്പോയി. എഴുന്നേറ്റപ്പോൾ മഴയെല്ലാം തോർന്നിരിക്കുന്നു. ആകെ വിഷമമായി.പിന്നെ അടുത്ത മഴയ്ക്കു വേണ്ടിയുള്ള കാത്തിരിപ്പായിരുന്നു.

**മനീഷ് മനോജ് VIII ഡി**

# തണൽ തേടുന്ന വാർദ്ധക്യം

പ്രായമാകുമ്പോൾ മനുഷ്യർ കുഞ്ഞുങ്ങളെപ്പോലെയായിത്തീരും എന്നൊരുപറച്ചിലുണ്ട്.മലമൂത്ര വിസർജ്ജ്യങ്ങൾ കിടക്കപ്പായിൽ, വർത്തമാനങ്ങളിലെ പരസ്പര ബന്ധമില്ലായ്മ വാശി, പിണക്കം.പക്ഷേ കൺമുന്നിൽ മറ്റുള്ളവർ പിണങ്ങുന്നതോ വാശിപിടിക്കുന്നതോ ഇവർ സഹിക്കുകയുമില്ല. കുട്ടികളിലും പ്രായമായവരിലും കാണുന്ന അകളങ്ക സ്നേഹമാണിത്.അതു തിരിച്ചറിയാൻ കഴിയാതെ പോകുന്ന തിരക്കിന്റേയും ജീ വിതപ്രാരാബ്ദത്തിന്റേയും ആഡംബരത്തിന്റേയും നേർചിത്രങ്ങളാണ് കേരള കഫേ എന്ന ചലച്ചിത്ര പരമ്പരയിലെ ബ്രിഡ്ജ്, അയ്യപ്പപ്പണിക്കരുടെ ഒരു വീഡിയോമരണം, റഫീക്ക് അഹമ്മദിന്റെ അമ്മത്തൊട്ടിൽ എന്നീ മൂന്ന് കൃതികൾ.ഇന്നത്തെആധുനികജീവിതത്തിനുനേരെയുള്ളനിശിതമായ വിമർശനങ്ങൾ.

അമ്മയെത്തല്ലിയാൽ രണ്ടു പക്ഷമില്ലെന്നും ഒറ്റപ്പക്ഷമേ ഉള്ളൂവെന്നും പറയുവാൻ ലോകസാഹിത്യങ്ങൾ നമ്മളെ സഹായിക്കും.

ഓരോ കാലത്തും ഉണ്ടായി വരുന്ന സാഹിത്യ കൃതികൾ അതാതു കാലത്തിന്റെ കണ്ണാടിച്ചിത്രങ്ങളാണ്. കാലങ്ങൾക്ക് ശേഷവും അവ അക്കാലത്തെ അടയാളപ്പെടുത്തുകയും കരിനിഴൽ വീഴ്ത്തുകയും ചെയ്യും.സാഹിത്യ കൃതികൾ സുന്ദര കോമളപദാവലികൾ കൊണ്ടു മാത്രം സമ്പന്നമല്ല.

മലയാളത്തിന്റെമഹാകവി ശ്രീ.വൈലോപ്പിള്ളി ശ്രീധരമേനോൻ പാടിയതുപോലെ ,

"തുടുവെള്ളാമ്പൽപ്പൊയ്കയല്ല
ജീവിതത്തിന്റെ കടലേ
കവിതയ്ക്കു മഷിപ്പാത്രം.''

എന്ന് സാഹിത്യ കൃതികൾ നമുക്ക് കാട്ടിത്തരുന്നുണ്ട്. കൃതികളിലെചുട്ടുപൊള്ളുന്നജീവിത യാഥാർത്ഥ്യങ്ങളിൽ നിന്ന് പാഠമുൾക്കൊണ്ടാവണം നമ്മിൽ ആർദ്രഭാവങ്ങൾ പുലരേണ്ട ത്.അത്തരത്തിലൊരു വിഷയമാണ് നമ്മുടെ മുമ്പിലുള്ളത്.ഒരാ യുസ്സിന്റെ പകുതിയിൽക്കൂടുതൽ സ്വന്തം മക്കൾക്കു വേണ്ടി ജീ വിച്ചിട്ട് മക്കളാൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജീവിതങ്ങൾക്ക് തണലാകുവാനുള്ള ആർദ്രത ഉണ്ടാക്കുവാൻ ചിന്തിപ്പിക്കുന്ന കൃതികൾ,കലമഹത്തരമാണ്.അങ്ങിനെയാണ് സാഹിത്യ കൃതി കൾ മാനവചേതനയെതൊടുന്നത്.

മകനാൽ ഉപേക്ഷിക്കപ്പെടുന്നഅമ്മത്തൊട്ടിലിലെ അമ്മയും ബ്രിഡ്ജ് എന്ന ലഘുചിത്രത്തിലെ അമ്മയും സമൂഹ മന:സാക്ഷിയെ ഉണർത്താൻ പാകത്തിന് നമ്മുടെ ഉള്ളിൽ മുഴങ്ങുന്ന രണ്ട് കഥാപാത്രങ്ങളാണ് - കഥാപാത്രങ്ങൾ കേവലം കഥാപാത്രങ്ങളല്ലെന്ന് ജീവിതത്തിൽ നിന്നടർത്തിയെടുക്കുന്ന ഏടുകളാണെന്ന് നാം ഓർക്കേണ്ടതുണ്ട്.

അർജ്ജുൻ കെ എ
ക്ലാസ്സ് പത്ത്



# ജവഹർലാൽ നെഹ്രുവിന്റെ ഇന്ത്യയെ കണ്ടെത്തൽ - ഒരെത്തിനോട്ടം

1944 ഏപ്രിൽ മുതൽ സെപ്തംബർ വരെ അഞ്ച് മാസക്കാലം കൊണ്ട് അഹമ്മദ നഗർ കോട്ട ജയിലിൽ വച്ചാണ് 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകമെഴുതിയത് നെഹ്റു ആമുഖ കുറിപ്പിൽ പറയുന്നു. ജയിലിലുണ്ടായിരുന്ന സഹ പ്ര വർത്തകരിൽ ചിലർക്ക് വായിക്കുവാനും വിലപ്പെട്ട ഒട്ടേറെ സൂ ചനകൾ നൽകുവാനും ഭയമുണ്ടായതായി നെഹ്റു അടയാളപ്പെ ടുത്തുന്നു.അവരുമായി ഏർപ്പെട്ട സംവാദങ്ങളിലും ചർച്ചകളിലും അദ്ദേഹം അകമഴിഞ്ഞ കൃതജ്ഞതയും രേഖപ്പെടുത്തുന്നു.അവ ഇന്ത്യൻ ചരിത്രത്തിന്റെയും ഇന്ത്യൻ സംസ്കാരത്തിന്റെയും വിവി ധ വശങ്ങളെക്കുറിച്ച് അദ്ദേഹത്തിന്റെ മനസിനെ അകലുഷമാക്കി ത്തീർക്കാൻ സഹായിച്ചതിനെക്കുറിച്ചും. വിശാലവും മഹത്വപൂർ ണവുമായ വീക്ഷണഗതിയോടും കൂടിയ ആളുകളുമായി അടുത്ത സമ്പർക്കത്തിൽ കഴിഞ്ഞു കൂടിയ നാളുകൾ അത്രയേറെ അനു ഗ്രഹിക്കപ്പെട്ടതായി അദ്ദേഹം ആമുഖത്തിൽ പറയുന്നു.


അഹമ്മദ് നഗർ കോട്ടയിലെ നെഹ്രുവിന്റെ പതിനൊന്ന് കൂട്ടുകാർ ഇന്ത്യയുടെ രസകരമായ ഒരു നടുമുറിയായിരുന്നു. അന്നത്തെപ്പോലെ തന്നെ ഇന്നും ഇന്ത്യയുടെ മേൽ പ്രബലമായ സ്വാധീനത ചെലുത്തിയിട്ടുള്ള ഉത്കൃഷ്ടമായ പ്രാചീന ഭാഷകൾ ക്കൊപ്പം പ്രാതിനിധ്യം ലഭിച്ച ഇടം.സംസ്കൃതവും പാലിയും അറബിയും പേർഷ്യയും ഹിന്ദിയും ബംഗാളിയും മറാത്തിയും തെലുങ്കും സിന്ധിയും ഒഡിയ എന്നീ ഭാഷകളിൽ ജയിലകം കുളിരണിഞ്ഞത് നെഹ്രു അടയാളപ്പെടുത്തുന്നു.മുഴുവൻ എഴു തി തീർത്തപ്പോൾ മറ്റാരോ എഴുതിയതു വായിക്കുന്നതായി തോന്നി എന്ന അത്ഭുതവും നെഹ്രു പങ്കു വക്കുന്നു.

പത്ത് അദ്ധ്യായങ്ങളിലായി വീണ്ടും ഓരോ അദ്ധ്യായത്തിലും ഉപാദ്ധ്യായങ്ങളിലായി ഭാരതത്തിന്റെ ചരിത്രപരവും ഭൂമിശാസ്ത്രപരവും രാഷ്ട്രീയവും സാംസാകാരികവുമായ ഒരുദർപ്പണമായി മാറുന്നു 'ഇന്ത്യയെ കണ്ടെത്തൽ.' മാറിക്കൊണ്ടിരിക്കുന്ന ഇന്ത്യയെപ്പകർത്താൻ കഴിയാത്ത ദുഃഖം നെഹ്രു പങ്കു വക്കുന്നുണ്ട്. പുസ്തകമിറങ്ങിയതറിഞ്ഞപ്പോഴേക്കും ഇന്ത്യ ബഹുദൂരം മുന്നോട്ട് പോയി എന്നും.

അദ്ധ്യായം-ഒന്ന്-അഹമ്മദ് നഗർ കോട്ട ,അദ്ധ്യായം - രണ്ട്-ബാഡൻവീലർ;ലോസാൻ, അദ്ധ്യായം-മൂന്ന് അന്വേഷണം അദ്ധ്യായം നാല് - ഭാരതാവിഷ്ക്കാരം,അദ്ധ്യായം അഞ്ച് - യുഗാന്തരങ്ങളിലൂടെ,അദ്ധ്യായം-ആറ്- പുതിയ പ്രശ്നങ്ങൾ അദ്ധ്യായം-ഏഴ്- അന്ത്യദൃശ്യം ബ്രിട്ടീഷ് ഭരണത്തിന്റെ സംയോജനവും ദേശീയപ്രസ്ഥാനത്തിന്റെ ഉദയവും ,അദ്ധ്യായം എട്ട്-അന്ത്യരംഗം(2) ദേശീയത്വമോ സാമ്രാജ്യത്വമോ ,അദ്ധ്യായം-ഒമ്പത്-അവസാനരംഗം(3) രണ്ടാംലോക യുദ്ധം ,അദ്ധ്യായം - പത്ത് അഹമ്മദ്നഗർ കോട്ട വീണ്ടും.

ഒമ്പതാം ക്ലാസ്സിലെ അവസാനത്തെ പാഠഭാഗമായ 'ബുദ്ധന്റെ ഉപദേശം' - 'ഇന്ത്യയെകണ്ടെത്തൽ' എന്ന കൃതിയിലെ നാലാം അദ്ധ്യായത്തിലെ ഒരു ഭാഗമാണ്.നൂറ്റിനാൽപ്പത്തിയഞ്ചാമത്തെ പേജിൽ ഭാരതാവിഷ്ക്കാരമെന്ന അദ്ധ്യായത്തിൽ ബുദ്ധമതം ഭാരതത്തിൽ ഏൽപ്പിച്ച പരിവർത്തനത്തിന്റെ ചരിത്രം പരിശോദിക്കുകയാണ് നെഹ്രു.

അരുൺ പി എ
ക്ലാസ്സ് - ഒമ്പത്


ജവഹർലാൽ നെഹ്റു
ഇന്ത്യയെ കണ്ടെത്തൽ
THE DISCOVERY OF INDIA

# സ്ത്രീരചനയുടെ കഥായാനം - പെണ്ണ് പൂക്കുന്നിടം

ശ്രീമതി സുജാത കെ. പിള്ളയുടെ ആദ്യ കഥാസമാഹാരമാണ് പെണ്ണുപൂക്കുന്നിടം ഏറെ നാളുകളായി എഴുതിയ ആനുകാലികങ്ങളിലും,മത്സരവേദികളിലും ചിതറി ക്കിടന്നിരുന്ന കഥകളിൽ നിന്ന് തെരെഞ്ഞെടുത്തവയാണ് ഈ പുസ്തക സമാഹാരത്തിൽ ഉൾപെടുത്തിയിരിക്കുന്നത്. സമാഹാരത്തിന്റെ പേരു പോലെ ത്തന്നെ പ്രത്യാശാഭരിതവും ശുഭസൂചക സന്ദേശപ്രാധാനവുമാണിതിലെ ഓരോകഥകളും. വൈവിദ്ധ്യപൂരിതമായ മനുഷ്യാനുഭവങ്ങളുടെ ഒരു പ്രദർശന ശാലയാണ് ചെറുകഥകൾ.ഈ കഥയിലെ കഥാപാത്രങ്ങൾ എഴുത്തുകാരി തന്റെ ജീവിതവഴിയിടങ്ങളിൽ കണ്ടുമുട്ടിയിട്ടുള്ളവരും സ്വജീവിതവുമായി കലഹിച്ചു പിരിഞ്ഞവരും, കണ്ടറിഞ്ഞതും, കേട്ടറിഞ്ഞതും അനുഭവിച്ചറിഞ്ഞതുമായ പൊള്ളുന്ന ജീവിതവ്യഥകളുമായി പൊരുതി നിൽക്കുന്നവരും, കാലം പോറലേല്പിച്ചുപോയ ഉണങ്ങാത്ത മുറിവുകളുടെ ദുരിതം പേറി നടക്കുന്നവരും, പരസ്പരം സ്നേഹിച്ചവരും, സൗഹൃദം പങ്കിട്ടവരും, കുതറിയോടിയവരും , സൗഹൃദത്തിൽ നിന്ന് കാരണം വെളിപ്പെടുത്താതെ പലപ്പോഴായി ക്വിറ്റ് ചെയ്തു പോയവരും, കഥാകൃത്തിന്റെ ആത്മാവിൽ ഓർമകളുടെ വസന്തം അടയാളപ്പെടുത്തിയവരും , തന്ത്രങ്ങൾ ജീവിതായോധനത്തിന്റെ കലയായി മാറിയവരും , ആവുന്നത്ര കരുതലും സ്നേഹവും കൊടുത്തിട്ടും തിരിഞ്ഞു കൊത്തിയവരും അങ്ങനെ ഒത്തിരി ഒത്തിരി ആളുകള് .അവരിലൂടെയെല്ലാം കഥാകൃത്ത് സുജാത കെ പിള്ള കരുത്താർജ്ജിച്ചു. എല്ലാത്തരം അന്ധവിശ്വാസങ്ങളോടും ബോധപൂർവ്വമായ ചെറുത്തുനിൽപ്പുകൾ നവോത്ഥാന നവചിന്തകൾക്ക് പ്രാമുഖ്യം.

ഓർമ്മകളുടെ കൊഴിയുന്ന കിളിത്തൂവൽ മനസ്സിലേക്ക് പതിക്കുന്ന ലാഘവത്തോടെ ഒരോ കഥയും വായിച്ചു തീർക്കണം.അതിഭാവുകത്വപരമായ വർ ണ്ണനകളോ ഭാഷയുടെ കപട ഏച്ചുകെട്ടലോ വായനക്കാരെ വിഭ്രമിപ്പിക്കുന്ന വേട്ടയാട ലുകളോ ഇല്ലാതെ കഥയെഴുതുവാനുള്ള ശ്രമമാണ്.എഴുത്തുകാരിയടേത്. വായനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ട് ഈ കഥാസമാഹാരം കഥാകൃത്ത് സുജാത കെ പിള്ള വായനക്കാരിലേക്ക് സമർപ്പിക്കുന്നത്.ഒരേ നോട്ടത്തിൽ കണ്ണിൽ കുരുങ്ങിപ്പോയ ചില കാഴ്ച്ചകളുണ്ട്.അഴിക്കും തോറും കൂടുതൽ കുരുങ്ങുന്നവ.ഒറ്റക്കേൾവിയിൽ ചെവിയിൽ കുടുങ്ങിപ്പോയ ചില ശബ്ദങ്ങളുണ്ട്. ഇപ്പോഴും ഇരമ്പി നില്ക്കുന്നവ.ഈ വരികൾ വായിക്കുമ്പോൾ പലരുടേയും മനസ്സിൽ ചില മുഖങ്ങളും,ഓർമ്മകളും ഓടിയെത്തും.നാമറിയാതെ തന്നെ നമ്മുടെ മനസ്സ് ഒരു നിമിഷത്തേക്കെങ്കിലും ചിലഓർ മ്മകളെ വിളിച്ചുവരുത്തും.തുറന്നുപറച്ചിലുകളില്ലാതെ അവസാനിച്ചുപോയ ചില ബന്ധങ്ങൾ ചില ആവേശങ്ങൾ, അവരുടെ അർത്ഥവത്തായ മൌനത്തിന്റെ ധ്വനികളിൽ അവരൊളിപ്പിച്ച എന്തോ ഒന്ന്.എന്നോടുള്ള സ്നേഹവും കരുതലും അവരിൽ നിന്ന് എന്നിലേക്ക് പ്രസരിച്ചെന്ന തോന്നൽ സത്യമോ?വെറും തോന്നലോ?ഈ കഥകൾ കഥാകാരി അവർക്കായി സമർപ്പിക്കുന്നു.

എല്ലാ വായനക്കാരേയും എല്ലാവരും അറിയുന്നില്ല.അതുപോലെത്തന്നെ എല്ലാ എഴുത്തുകാരേയും എല്ലാവരും അറിയുന്നില്ല. വരികളിൽ വസന്തം തീർക്കുന്ന മായാജാലക്കാരാണ് ഓരോ എഴുത്തുകാരും എന്ന സത്യം മനസ്സറിഞ്ഞ് ആസ്വദിച്ചായിക്കുന്നഒരുവായനക്കാരനേമനസ്സിലാക്കാൻകഴിയൂ.അധികംകേട്ട് പരിചയമില്ലാത്ത പല എഴുത്തുകാരും നമ്മുടെ ചുറ്റുമുണ്ട്.ഈ സമാാരം വായിക്കുന്നതിനു മുമ്പ് വരെ സുജാത കെ പിള്ള എനിക്ക് സുപരിചിതമായ ഒരു എഴുത്തുകാരിയായിരുന്നു. എന്നാൽ മലയാള കഥാഭൂമിയിൽ സ്വന്തം സ്ഥാനം അടയാളപ്പെടുത്തണമെങ്കില് സമകാലിക കഥയെഴുത്തിന്റെ പ്രത്യയശാസ്ത്ര ത്തെപ്പറ്റിയുള്ള സ്പഷ്ടമായ അറിവുനേടണമെന്ന ദൃഢബോദ്ധ്യമുള്ള കഥാകാരിയാണ് സുജാത കെ പിള്ള.ചില കൃതികൾ ചന്ദ്രതാരകളെ പോലെ നമ്മെ ആകർഷിക്കും.അത്ഭുതപ്പെടുത്തും.നമുക്ക് കയ്യെത്തിച്ചു തൊടാൻ പറ്റുന്നവയല്ല.ആകാശത്താണ്,താഴെനിന്ന് അത്ഭുതപ്പെടാനേ നമുക്ക് പറ്റൂ.

ചില കൃതികൾ മഴവില്ലു പോലെയാണ്.അവനമ്മെ മോഹിപ്പിക്കും,വിസ്മയിപ്പിക്കും.കൈനീട്ടിച്ചെല്ലുമ്പോൾഅകന്നകന്നു പോകും. ചില കൃതികൾ മുറ്റത്തെ ചെടികളെപ്പോലെയാണ്.നമുക്കവയെ തൊടാം,തലോടാം,എന്നാല്അവനമ്മളാവില്ല.ചിലകൃതികള്ഉറ്റചങ്ങാതിമാരെപ്പോലെകെട്ടിപ്പിടിക്കും, പിടിവിടില്ല,ഊണിലും ഉറക്കത്തിലും ഒപ്പമുണ്ടാകും.ജയത്തിലും തോൽവിയിലുംകൂടെനിൽക്കും.നമ്മളിൽനിന്നൊട്ടും ദൂരമില്ലാതെ,നമ്മളായിത്തന്നെ.സുജാത കെ പിള്ളയുടെ കൃതികൾ അവസാനം പറഞ്ഞ കൂട്ടത്തിലാണ്.നമ്മളോട് എളുപ്പം ചങ്ങാത്തം കൂടും ,ചേർത്ത് പിടിക്കും,ഉള്ളിലേറും, എടുത്തുകെട്ടു\കളില്ലാത്ത,നിഷ്കളങ്കമായ രചനകളാണവയെന്ന് ഡോ.സിരാവുണ്ണി പ്രസ്താവിക്കുന്നു.

ഒറ്റപ്പെടുന്നവരുടെ നിസ്സഹായതയും ഏകാന്തതയുമൊക്കെ സുജാതയുടെ കഥകളിൽ കാണാം.ഗ്രാമീണ പ്രണയങ്ങളുടെ പൂവിടലും കൊഴിയലും കാണാം.വിരഹാഗ്നിയുടെ ചൂടും പുകയും കാണാം.സ്ത്രീകളെ മെരുക്കുന്ന പുരുഷന്മാരേയും പുരുഷന്മാരെ മെരുക്കുന്ന സ്തീകളേയും കാണാം.മാറ്റത്തിന്റ കാഹളം മുഴക്കുന്ന സൂസന്നയുടെ നവോത്ഥാന പരീക്ഷണങ്ങളേയും,ഭാര്യാപദവി ആജീവനാന്ത വേലക്കാരി എന്നതാണെന്ന നാട്ടുനടപ്പിൽത്തന്നെ ചുരുണ്ടു കൂടുന്ന ആന്റപ്പന്റെ പ്രത്യയശാസ്ത്രങ്ങളും കാണാം.കുടുംബമെന്ന സഹവാസ സ്ഥാപനത്തിന് ഉണ്ടാവുന്ന ഉലച്ചിലുകൾ പല വിധത്തിൽ ഈ കഥയിൽ പ്രതിഫലിക്കുന്നു.ഒരേ വീട്ടിൽ പാർക്കുമ്പോഴും മനസ്സുകൊണ്ട് അകന്നു കഴിയുന്ന മൂന്നു പേരെ മൂന്നു കൂടുകളിൽ പാർക്കുന്നവർ എന്നാണ് കഥാകാരി വിശേഷിപ്പിക്കുന്നത്.കഥാകാരിയുടെ ഈ വിശേഷണത്തോട് ഞാൻ യോജിക്കുന്നു.കുടുംബമെന്നുപറഞ്ഞാൽപരസ്പരം സ്നേഹ വികാരങ്ങളുണ്ടാവണം. പരസ്പരസ്നേഹവും വിശ്വാസവും കരുതലുമെല്ലാം ഉണ്ടാവുമ്പോഴാണ് സന്തോഷാന്തരീക്ഷരമുള്ള ഒരു കുടുംബം സൃഷ്ടിക്കപ്പെടുന്നത്.ഇത് എന്റെ വ്യകതിപരമായ അഭിപ്രായം മാത്രമാണ്. എന്നെ സംബന്ധിച്ചിടത്തോളം ഒരു വീടും സ്നേഹിക്കാൻ അച്ഛനും അമ്മയും ചത്താലും കൈവിടില്ല.കൂടെ നിൽക്കുമെന്ന ഉറച്ച തീരുമാനമെടുത്ത് നമ്മളെ സ്നേഹിക്കുന്നതും നമ്മൾ തിരിച്ച് സ്നേഹിക്കുന്നതുമായ ഒരാളെങ്കിലും നമ്മുടെ കൂടെയുണ്ടെങ്കിൽ അതാണ് സ്വർഗ്ഗം.എത്ര തവണ പിടിക്കപ്പെട്ടാലും വീണ്ടും നൂതന മാർഗ്ഗങ്ങൾ കണ്ടെത്തി തുടരുന്ന സ്വർണ്ണക്കടത്തുപോലെയാണ് ജാരസംഗമങ്ങളെന്നാണ് ദൈവത്തിന്റെ തിരക്കഥ എന്ന കഥ പറയുന്നത്. എല്ലാ ആവർത്തനങ്ങളും പ്രകൃതിയുടെ സിദ്ധാന്തങ്ങളുമായി സമരസപ്പെട്ടുപോയതിന്റെ തുടർച്ചയാണ്.

ദാമ്പത്യജീവിതത്തിന്റെ പലതരം ഉൾപ്പിരിവുകളിലൂടെയും ഈ കഥകൾ സഞ്ചരിക്കുന്നുണ്ട്.ആധുനിക ജീവിതം വ്യക്തിബന്ധങ്ങളിൽ ഉളവാക്കുന്ന ശൈഥില്യങ്ങളെ സൂക്ഷ്മതയോടെ ആവിഷ്ക്കരിക്കാൻ സുജാത കെ പിള്ള ശ്രദ്ധിക്കുന്നു.പാരമ്പര്യങ്ങളുടേയും ആചാരങ്ങളുടേയും ചിട്ടവട്ടങ്ങളെ ധീരമാ യി വെല്ലുവിളിക്കുന്ന അനുശാന്തിയെപ്പോലുള്ള കഥാപാത്രങ്ങളെ അവതരി പ്പിക്കുന്നതിൽ കഥാകാരി വൈഭവം പ്രകടിപ്പിക്കുന്നു.

ഓരോ പെൺമനസ്സിലും കടന്നകൂടുന്ന പല ചിന്താഗതികളും കെട്ടിച്ചുവിടാൻ പരിഭ്രാന്തിപ്പെടുന്ന മാതാപിതാക്കളേയും നമുക്ക് ചുറ്റും കാണാം.”വാനിലുൽ സവം വിണ്ണാകെ മുഖരിതം, ഇടിമുഴക്കം " എന്ന ഈ ആശയപൂരിതമായ വരികൾ പോലെയാണ് ചില പെൺകുട്ടികളുടെ ജീവിതം.

തന്റെ ജീവിതം താൻ നിർണ്ണയിച്ച പോലെയാവണം എന്നാവണം ഓരോ പെൺ കുട്ടിയുടേയുടേയും മനസ്സ് എന്ന ചിന്താഗതി അനുശാന്തി എന്ന കഥാപാത്രത്തിലൂടെ കഥാകാരി നമ്മെ മനസ്സിലാക്കുന്നു.എഴുത്തുകാരി എന്ന നിലയിൽ സുജാത കെ പിള്ള സമൂഹത്തിനു നൽകുന്ന സന്ദേശം 'സ്വയംനിർ ണ്ണയാവകാശം'എന്നതാണ്. അതുകൊണ്ടാവാം സുജാത കെ പി ള്ള 'പെണ്ണുപൂക്കുന്നിടം'എന്നൊരു ശീർഷകം ഈ പുസ്തകത്തിന് നൽകിയത്.

**ശിവനന്ദ പി എസ്**
**ക്ലാസ്സ് ഒമ്പത്**

# അച്ഛനിൽ നിന്ന് മകനിലേക്ക് നീളുന്ന വായന
# പത്മനാഭൻ കഥകളിലൂടെ സഞ്ചാരം

നമ്മുടെ കാലത്തിന്റെ ഏറ്റവും പ്രസിദ്ധനായ കഥാലോകത്തെ അതികായനെന്നു വിശ്ലേഷിപ്പിക്കുന്ന ടി. കഥയ്ക്കുവേണ്ടി മാത്രം ജീവിച്ച ഒരു കഥാകൃത്ത് കൂടിയാണ്. ടി.യുടെ കഥകളിലൂടെ ഒരുവട്ടമെങ്കിലും സഞ്ചരിച്ചിട്ടുള്ള ഒരു വ്യക്തിക്ക് ജീവിതത്തിൽ ഒരു അവസ്ഥയിലും കറപ്ട്ഡ് ആവാൻ കഴിയില്ലയെന്ന് വായനാ ജീവിതത്തിന്റെ ഏതോഒരു ഘട്ടത്തിൽ എന്റെയുള്ളിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുള്ളതാണ്.

ഒച്ചപ്പാടുകളിൽ നിന്നൊക്കെ അകന്ന് സംഗീതത്തിന്റെ മാസ്മരികമായ ഏകാന്ത മഹായാനങ്ങളെ ടി. അങ്ങേയറ്റം ഇഷ്ടപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ആമുഖവിശേഷണത്തിന്റെ ശീർഷകം, ചൂണ്ടിപ്പറഞ്ഞാൽ ആത്മാവിന്റെ വിശുദ്ധമായ പ്രാത്ഥനകളായിരുന്നു ടി.പത്മനാഭൻ കഥകൾ.

ടി.പത്മനാഭൻ കഥകളുടെ സമ്പൂർണസമാഹാരത്തിൽ നിന്ന് ഒരു തെരഞ്ഞെടുപ്പ് നടത്തുമ്പോൾ കയ്യിൽ തടഞ്ഞ കഥകൾ ഇവയാണ്.അച്ഛൻ, അറ്റുപോവാത്ത ബന്ധങ്ങൾ ,കടൽ, ഗൗരി , ജീവിക്കുവാൻ മറന്ന ഒരു മനുഷ്യൻ, നിധിചാല സുഖമാ, മകൻ.

'അച്ഛൻ' കഥയിലൂടെ അച്ഛനും മകളും മരുമകനും തമ്മിലുള്ള ഒരു ഹാർമണി ടി. പത്മനാഭൻ കഥകളിലെ അന്തർധാരയാണ്. എത്ര സുന്ദരമായാണ് ശക്തമായാണ്, പരസ്പരം സ്നേഹിക്കുവാനും ബഹുമാനിക്കുവാനും കഴിയുക എന്നത് അച്ഛൻ മകളോടും മകൻ(സേതു) ഭാര്യ പിതാവിനോടും അനുവർത്തിക്കുന്നത്. ഇതു ചിത്രീകരിക്കുന്ന കഥാകാരൻ ജീവിത മൂല്യങ്ങളുടെ കഥാഗായകനായി സംഗീതമായി നമ്മിൽ നിറയുന്നു.

"ഇരുട്ടുനിറഞ്ഞ ആകാശത്തിൽ ഒരു നക്ഷത്രം കത്തിയെരിഞ്ഞു വീഴുന്നതുപോലെ " ഒരു ജയിലോർമ്മയായി കഥ – 'അറ്റുപോവാത്ത ബന്ധങ്ങൾ'. അറ്റുപോവാത്ത ബന്ധങ്ങളായി നാടും കാടും മേടും വേർപ്പുതുള്ളിയിറ്റിച്ച മണ്ണിൽ കനകം വിളയിച്ച് കഥയിൽ നിറയുന്നു. കുടിയേറ്റ കർഷകരുടെ മേൽ മുതലാളിത്ത ഭീകരതയും ഭരണകൂട ഭീകരതയും ഒരുമിച്ച് നടമാടുന്ന കാഴ്ച.ഇടയിൽ ചോര കുടിക്കുന്ന പാപ്പച്ചൻമാരെയും മണ്ണിനുവേണ്ടി പൊരുതുന്ന 27 കുടുംബങ്ങളെയും നെഞ്ചിൽപ്പേറുന്ന ഒരു ബാലൻമാഷുടെ കഥ - അറ്റുപോവാത്ത ബന്ധങ്ങൾ കർമബന്ധങ്ങൾ എന്നു കൂടി വായിക്കാൻ പഠിപ്പിക്കുന്ന കഥ.

കടലുകാണാൻ കഴിയാതെ വീട്ടിൽ കടലുപോലിരമ്പിക്കഴിയുന്ന അമ്മ. ഉള്ളിൽ കൊണ്ടു നടന്നതെന്തോ അതൊക്കെയും പറയാതെ പറയുകയും 'കടൽ' പോലെഉള്ളിൽ പ്രതിദ്ധ്വനിപ്പിക്കുകയും ചെയുക കഥാകാരന്റെ വൈഭവമാകുന്നു.പശ്ചിമ ഘട്ടത്തിന്റെ (തണലിലല്ലാതെ) നിഴലിൽ വീർപ്പുമുട്ടിക്കിടക്കുന്ന ഒരു ഗ്രാമം- കടയനെല്ലൂർ. നിലാവുള്ള ഒരുരാത്രി മാർബിളിന്റെ ഒരുളൻ കല്ലുകൾ കൊണ്ടുള്ള കോട്ട പോലെ തോന്നിക്കുന്ന മലനിരകൾ – മരണത്തിന്റെ ശൂന്യത വിളിച്ചറിയിക്കുന്ന.

കുഴിത്തറിക്കൊലായികളും തെരുവിൽ വിരിച്ച പാവും നിറഞ്ഞ ഇടുങ്ങിയ പാതകൾ നിറഞ്ഞ ദരിദ്രരായ മുസ്ലിമുകൾ തിങ്ങിപ്പാർക്കുന്ന 25 തെരുവുകൾ അവിടെ ചുരുങ്ങിയ ശമ്പളം കിട്ടുന്ന ഒരു സീനിയർ ഇൻസ്പെക്ടറുടെ - ഒരു ബാലചന്ദ്രനിലൂടെ നീളുന്ന കഥ ലോകം മുമ്പോട്ടു പോകുമ്പോഴും കടയനെല്ലൂർ ഗ്രാമം മാത്രം കഴിഞ്ഞു പോയ ശാനത്തിൽ തണുപ്പ് എന്ന് കഥാകാരൻ. ഉത്പാദനത്തെയും സംഭരണത്തേയും കുറിച്ചുള്ള പുത്തൻ തിയറികളൊന്നും അവരുടെ തലയോട്ടിയിലെ കളിമണ്ണിലേക്ക് കറുകയില്ല.

ഏകാകിയായ ബാലചന്ദ്രന് കടയനെല്ലൂരിലെ ആ സ്ത്രീയുമായി അടുക്കുവാൻ അധികസമയമൊന്നും വേണ്ടി വന്നില്ല. അവൾക്കൊരു ഭർത്താവുണ്ടെന്നതും അതിനു തടസ്സമേ ആയിരുന്നില്ല.ടി.പദ്മനാഭൻ കഥകളിൽ അത്രയേറെ തീക്ഷ്ണവും ഉദാത്തവുമായ സ്ത്രീ സാന്നിദ്ധ്യങ്ങൾ കൊണ്ട് സമ്പന്നമാണ്.

തീവണ്ടിയെക്കുറിച്ച് ക്ലാസ്സെടുത്തികൊണ്ടിരിക്കെ ഗോട്ടി നിറച്ചു വച്ച കുപ്പിഭരണിയിലേക്ക് സ്വപ്നച്ചിറകേറിപ്പോകുന്ന അപ്പുക്കുട്ടൻ ഒരു കാലഘട്ടത്തിന്റെ ഗൃഹാതുരത നിറഞ്ഞ ബാല്യത്തിന്റെ ഓർമ്മ നമ്മെ വലിച്ചിടുന്നു. കുട്ടിയിലൂടെ അവന്റെ മനോവിചാരങ്ങളിലൂടെ സഞ്ചരിക്കുവാൻ കഴിയുക നിസ്സാരമല്ല. മുന്നിൽ ഗോട്ടിക്കും അപ്പുക്കുട്ടനും അമ്മയുടെ തിളങ്ങുന്ന കണ്ണീരിനും ഒരേ മുഖം.ആർദ്ര പ്രണയത്തിന്റെ സത്രീ സാന്നിദ്ധ്യങ്ങൾ ടി.പദ്മനാഭൻ കഥകളുടെമയിൽപ്പീലിതിളക്കമെന്നും പറഞ്ഞു കഴിഞ്ഞു.

സമാന്തരപ്രണയങ്ങളുടെ ചില്ലുടഞ്ഞ വാക്കുകൾ പോറി നമ്മുടെ ഹൃദയത്തിൽ ചോര പൊടിയ്ക്കാനും പര്യാപ്തമാണവ അക്ഷരാർത്ഥത്തിൽ ജീവിക്കുന്ന മറന്നുപോയ കുമാരൻനായർ, പ്രാരാബ്ധക്കാരൻ മമ്മദ്ക്കാ, എഴുതിത്തഴമ്പിച്ച കയ്യുമായി ദാസൻ അങ്ങനെ നീളുന്നു ടിയുടെ കഥപാത്രങ്ങൾ .


ടി.പത്മനാഭന്റെ ആത്മാംശം ഏറെക്കലർന്ന ഒരു കഥയാണ് നിധിചാല സുഖമാ.നിസ്വാർത്ഥ സേവനത്തിന്റെ കയ്യയച്ച അദ്ധ്വാന കാലഘട്ടത്തിന്റെയും കഴിവിന്റെയും ആത്മാർത്ഥതയുടെയും സ്വജീവിതത്തിന്റെ കാവ്യാനുഭവങ്ങൾ നിധിചാല സുഖമാ കഥയിൽ തെളിഞ്ഞുമിന്നികാണാം.

മികച്ച കഴിവുറ്റ എഞ്ചിനിയർ എന്നതിലുപരി ഒരു വലിയ മനുഷ്യനും ആയിത്തീരുക ചെറിയകാര്യമല്ല. ജീവിതം ശൂന്യമായിപ്പോയാലും തന്റെ പണിയിടങ്ങളിൽ കർമ്മശുദ്ധികൊണ്ടും മനുഷ്യത്വം കൊണ്ടും അടയാളപ്പെടുവാൻ കഴിഞ്ഞ രാമനാഥൻ ടി പത്മനാഭന്റെ ഒരു മികച്ച ആത്മാംശം ചോരുന്ന കഥാപാത്രമാണ്.രാമനാഥനെക്കുറിച്ച് പറയുമ്പോഴെല്ലാം കർണ്ണാടക സംഗീതത്തിന്റെ ഒരു ശ്രുതി ചെവിയിൽ വന്നു പതിക്കും വിധം കഥയിൽ രാമനാഥൻ പാട്ടുമായി ഇഴുകിച്ചേർന്നിരിക്കുന്നു.

**ജീവിതം ചെറുതൊന്നുമല്ല പഠിപ്പിക്കുന്നത് എന്ന വലിയ സങ്കടത്തിലാണ് മകനെന്ന കഥ നമ്മെ കൊണ്ടുചെന്ന് തള്ളിവിടുന്നത്.അച്ഛന്റെ കൂടെ സ്കോളർ ജിപ്സിയും ഗോൾ ഡൺ ട്രഷറിയും കവിതകളും ചൊല്ലി കയ്യിൽത്തൂങ്ങി നടന്ന മകന്റെ മുമ്പിൽ ഒരു അപരിചിതനെപ്പോലെ ആയിപ്പോകുന്ന അച്ഛനും കിടപ്പുരോഗിയായിത്തീർന്ന അമ്മയും മകൻ എന്ന കഥ സമ്മാനിക്കുന്ന നോവായുള്ളിൽ പുകയുന്നു.**

**കണ്ണുതുറന്നുപിടിച്ചാൽജീവിതത്തിൽനിന്ന് അടർ ത്തിയെടുക്കാൻ ഇത്രയേറെ വിഭവങ്ങളുണ്ടെന്ന് അത്ഭുതപ്പെ ടുത്തും വിധം ടി.പത്മനാഭൻ കഥകൾ വീണ്ടും വായിക്കപ്പെടു വാൻ പാകത്തിന് ബാക്കിയാവുന്നു.**

**അരുൺ പി എ**
**ഒമ്പതാം ക്ലാസ്സ്**


ടി. പത്മനാഭന്റെ
കഥകൾ
സമ്പൂർണ്ണം
dcb

# കാഫ്കയുടെ കഥകളിലെ അസംബന്ധ ഭാവങ്ങൾ

കാഫ്ക ഒരു കാലഘട്ടത്തിലെ കഥയെഴുതുന്നവരായ ചെറുപ്പക്കാരെ ഒന്നാകെ സ്വാധീനിച്ചിട്ടുള്ള എഴുത്തുകാരനാണ്.ഗ്രഹ ങ്ങൾക്ക് മനുഷ്യനിൽ ചെലുത്താൻ കഴിയുന്ന സ്വാധീനത്തക്കുറിച്ച് ചിലരെങ്കിലും സംസാരി ക്കാറുണ്ട്.അത്തരം വിശ്വാസങ്ങളുടേയോ അ ന്ധവിശ്വാസങ്ങളുടേയോ സൗന്ദര്യത്തെ ഓർ മ്മിപ്പിക്കുന്നതാണ് കാഫ്കയുടെ കഥകൾ എ ന്ന് കെ പി അപ്പൻ.

മാലിന്യങ്ങളിൽ നിന്നുള്ള പലായന ങ്ങളാണ് കാഫ്കയുൂടെ കഥകൾ എന്നതുകൊ ണ്ടു തന്നെ പലായന കുതുകികളായ എഴു ത്തും വായനയും ഉപാസിക്കുന്ന ഏതൊരുവ നും കാഫ്കയുടെ കഥകളുടെ പിന്നാലെ പാ യും തീർച്ച.

വീണ്ടും വീണ്ടും വായിക്കാൻ പ്രേരിപ്പി ക്കുന്ന കഥകളാണ് കാഫ്കയുടേതെന്ന് ആൽ ബർട്ട് കമ്യൂ എഴുതിയിട്ടുണ്ട്. ദുർഗ്രഹത കാ ഫ്കയുടെ കഥകളുടെ വലിച്ചുമുറുക്കുന്ന മാ ന്ത്രികതയും കാന്തികതയുമാണെന്നതാണ്


ഇത്തരമൊരു പ്രസ്താവന ആൽബർട്ട് കമ്യൂ നടത്തുവാൻ കാരണം.സൗന്ദര്യബോധപരമായ അശാന്തിയിലേക്ക് നയിക്കും എന്ന കെ പി അപ്പൻ പ്രയോഗം കാഫ്കെ കഥകളിലൂടെ സഞ്ചരിക്കുന്നവർക്ക് ലഭിക്കും തീർച്ച.

വിശ്വാസത്തിന്റേയും സംശയത്തിന്റേയും അർത്ഥത്തിന്റേയും അസംബന്ധത്തിന്റേയും സുതാര്യതയുടേയും അതാര്യതയുടേയും സങ്കീർണ്ണമായ ലോകങ്ങൾ തുറന്നിടുന്നു കാഫകെ കഥകൾ.(ആമുഖം - കെ പി അപ്പൻ)

ഫ്രാൻസിസ് കാഫ്കെ സ്വന്തം കഥകളെ കുത്തിക്കുറിക്കൽ (Scribling)എന്നാണ് വിശേഷിപ്പിച്ചത്.പിതാവിൽ നിന്ന് രക്ഷപെടാൻ വേണ്ടിയായിരുന്നത്രേ അത്.ദുസ്സ്വപ്ന തുല്യമായ ആന്തരിക ജീവിതത്തെ ചിത്രീകരിക്കുവാനുള്ള തന്റെ വാസന മറ്റുവിഷയങ്ങളെ പിന്നിലേക്ക് തള്ളുകയും സ്വന്തം ജീവിതത്തെ കൊടും ഭീതിയുളവാീക്കും വിധം ക്ഷയിപ്പിക്കുകയും ചെയ്തതായി കെ പി അപ്പൻ കുറിക്കു ന്നു.

കാഫ്കയുടെ കഥകളിൽ വ്യാഖ്യാനത്തിന് വഴങ്ങാത്തതെന്ന് നിരൂപകർ പറഞ്ഞു വച്ചിട്ടുള്ളതുകൊണ്ടു തന്നെ വളരെ സൂക്ഷ്മതയോടെയും ജാഗ്രതയോടെടും വേണം കാഫകെ കതകളിലൂടെ നാം കടന്നു പോകുവാൻ എന്ന് വാൾട്ടർ ബന്യാമിൻ അഭിപ്രായപ്പെടുന്നു.(ആമുഖ പഠനം)

പരസ്പരം ഒരു ബന്ധവുമില്ലെന്ന് തോന്നുന്ന അസംബന്ധ രചനകളായിട്ടാണ് ഒറ്റ വായനയിൽ കാഫ്കെ കഥകൾ നമുക്കനുഭവപ്പെടുക. ആഴങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന പരസ്പരാദർശത്തിന്റേയും സ്നേഹ ചുംബനങ്ങളുടേയും അങ്ങയറ്റത്തെ ദയാവായ്പ്പിന്റേയും അന്തസ്സത്തകൾ കാഫ്കെ കഥകളിൽ നാം കണ്ടെടുക്കുക തന്നെ ചെയ്യും.


കാഫ്കയുടെ
കഥകൾ
വിവ: വി. രവികുമാർ
(നാലാം പതിപ്പ്)

# വായനാനുഭവം - കൊത്താറൻ - മധു തൃപ്പെരുന്തുറ

മധു തൃപ്പെരുന്തുറയുടെ രണ്ടാമത്തെ ചെറുകഥാ സമാഹാരവും ഏഴാമത്തെ പുസ്തകവുമാണ് 'കൊത്താറൻ'. പ്രാദേശികസ്വത്വമാണ് മധു തൃപ്പെരുന്തുറയുടെ ചെറുകഥകളുടെ തനിമയുടെ പ്രാണകേന്ദ്രം. വായനക്കാരുടെ ഉള്ളിൽ തട്ടുന്ന ഒരു ജീവിതസന്ധിയുടെ ആഖ്യാനം മിക്കവാറും എല്ലാ കഥകളിലും കാണുവാൻ സാധിക്കും. ഓണാട്ടുകരയിലെ പ്രായത്തിൽ മൂത്തോരെ കൊച്ചാട്ടനെന്നും സ്ത്രീകളെ ഇച്ചേയിയെന്നും വിളിക്കുന്നത് സർവസാധാരണമാണ്. ഈ കഥയുടെ വേരുകൾ സാധാരണ മനുഷ്യരുടെ ജീവിതത്തിന്റെ മണ്ണിൽ നിന്ന് വെള്ളവും വളവും വലിച്ചെടുക്കുന്നു.

ഓരോ ദേശത്തിന്നും അതിന്റെയും സ്വത്വവും വ്യക്തിത്വവുമുണ്ട്. ഓരോ വ്യക്തിയുടെയും ജീവിതം അതിന്റേതായ നിലയിൽ വ്യത്യസ്തമാണ്. അതുപോലെ തന്നെയാണ് ദേശത്തിന്റെ കാര്യവും.ഓരോ ദേശത്തിനും അതിന്റേതായ തനിമയും വ്യക്തിത്വവും ജീവിതവുമുണ്ട് അത് ഭൂപ്രകൃതിയിൽ, കാലാവസ്ഥയിൽ ആചാരമര്യാദകളിൽ, ഭാഷയിൽ ഭാവനയിൽ എല്ലാം പടർന്നും കലർന്നും കിടക്കുന്നു.ഫ്രീ ലാൻഡ് ജേർണലിസ്റ്റ് എന്ന നിലയിൽ നടത്തിയ യാത്രകളും അനുഭവങ്ങളും മറ്റൊരർത്ഥത്തിൽ കഥയ്ക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്. മധു തൃപ്പെരുന്തുറ ഈ പുസ്തകത്തിലൂടെ നമ്മുടെ മുമ്പിലേക്ക് കാഴ്ച വയ്ക്കുന്നത് പതിനൊന്ന് ചെറുകഥകളാണ്.

'ബാൽപാണ്ടി'തമിഴ്നാട്ടിലെ കൂന്തൻകുളം പക്ഷിസങ്കേതത്തിലേക്ക് പണ്ടെങ്ങോ മധു തൃപ്പെരുന്തുറ നടത്തിയ യാത്രയുടെ ഫലമാണ്.പക്ഷെ മധു തൃപ്പെരുന്തുറ ജീവിച്ചിരുന്ന കാലത്തെ ബാലപാണ്ടിയും കഥയിലെ ബാൽപ്പാണ്ടിയും രണ്ടുപേരാണ്. അവിടുത്തെ ജീവിത പരിസരത്തെ കഥയിലേക്കു സന്നിവേശിപ്പിച്ചു എന്നു മാത്രം. ഇതുപോലെ ഒരു അന്വേഷണാത്മകയാത്ര നിന്നുണ്ടായ കഥയാണ് ചാവുകടലും എന്ന് ആമുഖക്കുറിപ്പിൽ അദ്ദേഹം തന്നെ പറയുന്നു.

**സുനാമിയുടെ പത്താം വർഷികത്തിന്, മാതൃഭൂമി വാരാന്ത്യത്തിനു വേണ്ടി ഫീച്ചറെഴുതാൻ പോയിരുന്നു.കടൽ സംഹാരതാണ്ഡവമാടിയ തറയിൽക്കടവിലും ആലപ്പാട്ടുംഅഴീക്കലുമൊക്കെഇപ്പോഴുമുണ്ട് ഹൃദയഭേദകമായഅനേകംശേഷിപ്പുകൾ.കഥയായിപരിണാമംസംഭവിച്ച ജീവിതത്തിന്റെ ശേഷിപ്പുകൾ.**

**വൈഷ്ണവ്.എം.ജയകുമാർ**
**എട്ടാം ക്ലാസ്സ് ഡി**

# യാത്രാനുഭവം

## മൂന്നാറിന്റെ അഴക്

സാന്റാ മരിയ
ഒമ്പതാം ക്ലാസ്സ്

ഞാൻ മുറ്റത്തേക്ക് ഇറങ്ങി.ഹാ എന്ത് നല്ല മഴ.എനിക്ക് മഴതുള്ളികളോടൊപ്പം ആടാൻ കൊതിയായി.പെട്ടന്നാണ് അച്ഛന്റെ വിളി കേട്ടത്.മോളെ നീ അവിടെ എന്തെടുക്കുവാ. ഞാൻ ഒന്ന് ഭയന്നു.കാരണം മഴനനഞ്ഞൂഎന്ന്'അമ്മയറിഞ്ഞാൽഎന്നെവെറുതെ വിടില്ല .ഞാനതിവേഗം ഓടി വീട്ടിൽ കയറി വരാന്തയിൽ എത്തിയപ്പോൾ അച്ഛൻ തോർത്തുമായി ഓടി വന്നു.എന്നെ സ്നേഹത്തോടെ തലോടി.എന്റെ തലയല്ലേ നനവകറ്റി.അങ്ങനെ സമയ സൂചി പിന്നെയും പിന്നിട്ടപ്പോൾ അത്താഴ സമയമായി. 'അമ്മ അത്താഴത്തിനായി എല്ലാവരെയും വിളിച്ചു.ഞാനും എന്റെ അനിയനും ആദ്യം സ്ഥലം പിടിച്ചു അച്ഛൻ വന്നു 'അമ്മ കരിവിളമ്പാൻ തുടങ്ങി.അമ്മയും ഇരുന്നു ഞങ്ങൾ കഴിക്കാൻ തുടങ്ങി ഓരോ കൊച്ചു വർത്താനം പറഞ്ഞുതുടങ്ങി.അപ്പോഴാണ് അച്ഛൻ പറഞ്ഞത് വെകേഷനായിട്ടു നമ്മൾ എവിടെയും പോയില്ലല്ലോ .ഞങ്ങൾ പറഞ്ഞു.'അതുശേരിയാണ് എവിടെയെങ്കിലും പോണം' .അപ്പോൾ 'അമ്മ പറഞ്ഞു ആ നമുക്ക് എന്റെ വീട്ടിൽ പോയാലോ അതാവുമ്പോൾ അമ്മയേയും കാണാം.അത് വേണ്ട നമുക് വേറെ എവിടെയെങ്കിലും പോകാം.അമ്മയുടെ മുഗം ചെറുതായി വിർതു ഞങ്ങൾ രണ്ടുപേരും അമ്മയോട് ഒരേ സ്വരത്തിൽ പറഞ്ഞു 'അമ്മേ , അമ്മേ പ്ലീസ്. അമ്മേ നമ്മൾ കുറെ നാളായില്ലേ എവിടെയെങ്കിലും ഒക്കെ ഒരു വലിയ യാത്ര പോയിട്ട്. ഇപ്പ്രാവശ്യം വെക്കേഷനായിട്ട് കുറച്ചു ദിവസമല്ലെ ആയിട്ടുള്ളു. ഇപ്പോൾ പോയാൽ വെക്കേഷൻ തീരും മുൻപ് തിരിച്ചു വരാം. അച്ഛൻ ഇങ്ങനെ പറഞ്ഞു. ഈ പറഞ്ഞതെല്ലാം ശരിയാണ്. നമുക്ക് പോകാം. ഞങ്ങൾ രണ്ടുപേരും അമ്മയോട് ഒരേ സ്വരത്തിൽ പറഞ്ഞു 'അമ്മേ , അമ്മേ പ്ലീസ്. അമ്മേ നമ്മൾ കുറെ നാളായില്ലേ എവിടെയെങ്കിലും ഒക്കെ ഒരു വലിയ യാത്ര പോയിട്ട്. ഇപ്പ്രാവശ്യം വെക്കേഷനായിട്ട് കുറച്ചു ദിവസമല്ലെ ആയിട്ടുള്ളു. ഇപ്പോൾ പോയാൽ വെക്കേഷൻ തീരും മുൻപ് തിരിച്ചു വരാം. അച്ഛൻ ഇങ്ങനെ പറഞ്ഞു.ഈ പറഞ്ഞതെല്ലാം ശരിയാണ്. നമുക്ക് പോകാം. പക്ഷെ ഒരു കാര്യം മാത്രം ഇപ്പോഴും തീരുമാനമായിട്ടില്ല , ഞാൻ പറഞ്ഞു. ഓ! നമ്മൾ എവിടെ പോകും. അത് ഒരു വലിയ ചോദ്യ ചിഹനമാണ്. നമുക്ക് ഊട്ടിയിലേക്ക് പോയാലോ എന്ന് എന്റെ അനിയൻ ചോദിച്ചു. അച്ഛൻ അത് ഒരുനല്ല സ്ഥലമാണ് എന്ന് പറഞ്ഞെങ്കിലും ദൂരം കൂടുതലായ കാരണം ആ സ്ഥലം ഉപേക്ഷിച്ചു. അങ്ങന കുറെ സ്ഥലങ്ങൾ പറഞ്ഞെങ്കിലും അവസാനം മൂന്നാറിലേക്ക് പോകുവാൻ തീരുമാനിച്ചു. ആ തീരുമാനത്തോട് ആർക്കും എതിർപ്പുണ്ടായിരുന്നില്ല. ഞങ്ങൾ ഓടി ചെന്ന് അച്ഛനെയും അമ്മയെയും മുറുക്കെ കെട്ടിപ്പിടിച്ചു. ഞങ്ങൾ എല്ലാവരും വളരെ സന്തോഷത്തോടുകൂടി അത്താഴം കഴിച്ചു.

കഴിച്ചുകൊണ്ടിരിക്കുന്ന നേരത്ത് അച്ഛൻ നാളെ ഈ സമയത്ത് നമ്മൾ അവിടെ എത്തിയിരിക്കണം എന്നും നേർത്തെ കിടന്നുറങ്ങി എഴുന്നേൽക്കാനും നിർദ്ദേശിച്ചു ഞങ്ങൾ കൈകഴുകി പല്ലുതേച്ചു ഉറങ്ങാനായി കിടന്നു, പക്ഷെ എത്ര രാത്രി ആയിട്ടും എനിക്കും എന്റെ അനിയനും ഉറക്കം വരണുണ്ടായിരുന്നില്ല കാരണം ഞങ്ങളുടെ മനസ്സിൽ നാളെ പോകുന്നതിനെക്കുറിച്ചുള്ള ചിന്തകളായിരുന്നു മുഴുവൻ. അമ്മ വന്നു, "എന്താ മക്കളെ.ഉറങ്ങുന്നില്ലേ? വേഗം ഉറങ്ങു രണ്ടുപേരും.നാളെ പോകണമെങ്കിൽ മതി". അമ്മയുടെ ചീത്ത കേട്ട് ഞങ്ങൾ രണ്ടുപേരും ഉറങ്ങി. രാവിലെ അമ്മയുടെ നിർത്താതെയുള്ള വിളികേട്ടു. 'മക്കളെ രണ്ടാളുംഎഴുന്നേൽക്കു.പോകാൻ സമയമായി.വേഗം ആവട്ടെ.'ഞങ്ങൾ അതുകേട്ട് കണ്ണ് ചിമ്മി തുറന്നു പക്ഷെ വീണ്ടും കിടന്ന് ഉറങ്ങി . അമ്മ പിന്നേയും വിളിച്ചപ്പോൾ ഞാൻ "നാളെ സ്കൂൾ ഇല്ലല്ലോ അമ്മെ.പിന്നെന്തിനാ ഇത്രയും നേരത്തേ ഞങ്ങളെ വിളിച്ചെഴുന്നേൽപ്പിക്കുന്നെ?ഞാൻ കുറച്ചു സമയം കുടി ഒറങ്ങിക്കോട്ടെ."അമ്മ അതുകേട്ട് ചിരിച്ചു. എന്നിട്ട് അമ്മ പറഞ്ഞു "മക്കളെ നിങ്ങൾ മറന്നോ.നമുക്ക് മൂന്നാർ പോവണ്ടേ ഇന്ന്.ഇന്നലെ ചർച്ച ചെയ്തതെല്ലാം ഉറങ്ങിയെഴുന്നേല്ച്ചപ്പോളേക്കും മറന്നോ നിങ്ങൾ?" അത് കേട്ടപ്പോൾ ആണ് ഞങ്ങൾക്ക് രണ്ടുപേർക്കും ബോധം വന്നത്.ഞാനും അനിയനും ചാടി എഴുന്നേൽറ്റു.ഞാൻ വീടിന്റെ പുറത്തേക്ക് ചെന്ന് നിന്നു.നല്ല തണുത്ത കാറ്റ്.ഞാൻ സമയം നോക്കി. അഞ്ജ് മണി. സൂര്യൻ വന്ന് തുടങ്ങിയിട്ടുണ്ടായിരുന്നുള്ളു. അതുകൊണ്ട് ഇരുട്ടാണ് പുറത്തെല്ലാം. ഞാൻ ആ തണുത്ത  കാറ്റ് ആസ്വദിച്ചു കുറച്ചു നേരം നിന്നു.അപ്പോൾ തന്നെ അമ്മ വിളിച്ചു എല്ലാം റെഡി ആക്കി വെക്കാൻ വെക്കാൻ പറഞ്ഞു. അപ്പൊ ഞങ്ങൾ ഒരേസ്വരത്തിൽ ശരി എന്ന് പറഞ്ഞു. ഞങ്ങൾ എല്ലാവരും ഒരുങ്ങി ഇറങ്ങി. പുറപ്പെടാറായി,ഞങ്ങൾക് പോകാനായുള്ള ടാക്സി വന്നു. ബസ്റ്റോപ് വരെ ഞങ്ങൾ ആ ടാക്സിയിൽ സഞ്ചരിച്ചു. ഞങ്ങൾ അപ്പോഴും യാത്രയ്ക്കുള്ള ചർച്ചയിലായിരുന്നു. ബസ് സ്റ്റോപ്പ് എത്തി. ഞങ്ങൾ രണ്ടുപേരും ആദ്യം തന്നെ ആഹ്ലാദത്തോടെ ചാടി ഇറങ്ങി. ഞങ്ങൾ ചോതിച്ചു "ഇനി എങ്ങോടാ?" അച്ഛൻ ഒരു ബസ് ചൂണ്ടി കാണിച്ചിട്ട് പറഞ്ഞു."ഇനി ഈ ബസ്സിലായിരിക്കും നമ്മുടെ അങ്ങോട്ടുള്ള യാത്ര". ഞങ്ങൾ ഉത്സാഹത്തോടെ ബസ്സിൽ കയറി.  പക്ഷെ കുറച്ചു സമയം കഴിന്നപ്പോൾ തന്നെ ഞാനും ന്റെ അനിയനും ഉറക്കത്തിലേക്ക് തിരിഞ്ഞു. പിന്നെ ഞങ്ങൾ ഉണരുന്നത് മൂന്നാറിന്റെ അഴക് കണ്ടുകൊണ്ടാണ്.

"രാജമല" അതിന്റെ സൗന്ദര്യം എന്നുപറഞ്ഞാൽ വെറും എഴുത്തിലോ വാക്കുകളിലോ ഒതുങ്ങില്ല. അത് കണ്ട തന്നെ ആസ്വദിക്കണം. ഇരവികുളം ദേശിയയോദ്യാനത്തിലെ ഒരു മലയാണ് നിലക്കുറുഞ്ഞി പൂക്കുന്ന രാജമല. വരയാടുകളുടെ വാസസ്ഥലമാണത്. ഞങ്ങൾ ആ കാഴ്ച വനംവകുപ്പ് നടത്തുന്ന സഹരിയിൽകൂടിയാണ് ആസ്വദിച്ചത്.ഞങ്ങൾ അവിടന്ന് അടുത്ത ദിവസം യാത്ര തിരിച്ചത് ചിന്നക്കനാലിക്കാണ്. തേയിലത്തോട്ടങ്ങൾക്ക് നടുവിലൂടെ ദേവികുളം വഴി ചിന്നാർ പൊക്കുന്നത് രസകരമായ റോഡ് യാത്രയാണ്. ഞങ്ങൾ ആനയിറങ്ങൾ ഡാമിൽ ബോട്ട് സവാരി ചെയ്തു. അവിടത്തെ ഒരു പ്രധാന പ്രതേകത എന്തെന്നാൽ അവിടത്തെ വ്യൂ പോയിന്റ് ആണ്. അവിടെനിന്ന് ഞങ്ങൾ കുറെ ഫോട്ടോസ് ഇടത്തു. ഞങ്ങളുടെ മുന്നാർ യാത്രയുടെ അവസാന ദിവസമാണ് ഷോപ്പിങ്ങിന് ഇറങ്ങിയത്. ഞങ്ങൾ കുറെ സാധനങ്ങൾ വാങ്ങി. ഞങ്ങൾ വൈകുന്നേരം ഒരു 4 മണി ആയപ്പോഴേക്കും തിരകേ യാത്ര തിരിച്ചു.

# പുഴ വെറും ജലമല്ല – വായനാനുഭവം

**അദ്വൈത് കൃഷ്ണ - VIII.D**

ജലത്തിനു ബോധമുണ്ടെന്നും മനുഷ്യരെപ്പോലെ സന്തോഷവും വേദനയും നിരാശയും പ്രതീക്ഷയുമെല്ലാം മറ്റൊരുതരത്തിൽ അനുഭവിക്കാൻ കഴിയുന്നുണ്ടെന്നുള്ള.ആശയത്തിന് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. ലോകത്തെവിടെയുമുള്ള പുരാതന ജനതകൾക്കിത് അറിയാമായിരുന്നു. മസാറു ഇമോട്ടോയാണ് ഈ ആശയം സത്യമാണെന്ന് തെളിയിച്ചത്. ജലത്തിനുപറയാനുള്ളത് [The Hidden Messagesin Water] എന്ന അദ്ദേഹത്തിന്റെ കൃതി പ്രസിദ്ധീകരിക്കപ്പെടുന്നത് 1999 ലാണ് . എഴുത്തുകാരനും പരിസ്ഥിതി സംരക്ഷണ പ്രവർത്തകനുമായ സി .റഹീമിന്റെ പ്രകൃതിയെ ആഴത്തിൽ അനുഭവിപ്പിക്കുന്ന ലേഖനങ്ങളുടെ സമാഹാരമാണ് 'പുഴ വെറും ജലമല്ല' എന്ന പുസ്തകം അറിവിനപ്പുറത്തു അനുഭഅനുഭുതിയും പ്രധാനം ചെയ്യുന്ന ഇതിലെ ലേഖനങ്ങൾ ലളിതവും കാവ്യാത്മകവുമാണ് . നമ്മെ പ്രകൃതി സ്നേഹികളും പരിസ്ഥിതി സംരക്ഷകരുമായി മാറ്റാൻ ഈ പുസ്തകത്തിനു കഴിയും . ഈ പുസ്തകത്തിൽ 39 കഥകളുണ്ട് . പുഴ വെറും ജലമല്ല , പുഴ പാടുന്നു , പ്രളയത്തിൽ മുങ്ങുന്ന കേരളം , മഴയാത്ര ... തുടങ്ങിയ കഥകൾ ഈ പുസ്തകത്തിൽ ഉണ്ട് .

ജലത്തെക്കുറിച്ചു കേട്ടതൊക്കെ സത്യമാണ് എന്ന് ഈ കഥകളിലൂടെ സി. റഹീമിന് ലോകത്തെ ബോധ്യപ്പെടുത്താൻ അദ്ദേഹത്തിന് പുഴ വെറും ജലമല്ല എന്ന പുസ്തകത്തിലൂടെ കഴിഞ്ഞു. പഴയകാലത്തെപോലെ പുഴകളിൽ നിന്നും കുളങ്ങളിൽ നിന്നും നേരിട്ട് വെള്ളമെടുത്തു കുടിക്കാനും കുളിക്കാനും കഴിയുന്ന ഒരു കാലമാണ് സി. റഹീം 'പുഴ വെറും ജലമല്ല ' എന്ന പുസ്തകത്തിലൂടെ പറയുന്നത് .

# ഏകസ്വര ബഹുസ്വരത



## രാവിൻ പൂന്തേൻ
## തേടും പൂങ്കാവനം
## സി സി പി യുടെ ശബ്ദ
## മാധുര്യങ്ങങ്ങൾ
## പ്രിയ ഗുരു സാന്നിദ്ധ്യങ്ങൾ

40

# CHARLES DICKENS
# A TALE OF TWO CITIES
# ചാൾസ് ഡിക്കൻസ്
# രണ്ടു നഗരങ്ങളുടെ കഥ
## വിവർത്തനം : കെ.പി.ബാലചന്ദ്രൻ
## പുറന്താൾക്കുറിപ്പ്

കെ.പി. ബാലചന്ദ്രൻ: വിവർത്തകൻ,ചരിത്രകാരൻ. 1939-ൽ മണലൂരിൽ ജനനം ;പിതാവ് വിദ്വാൻ കെ. പ്രകാശം. എഞ്ചിനിയറിങ്ങിൽ ബിരുദവും ചരിത്രത്തിൽ ബിരുദാനന്തര ബിരുദവും . കൊച്ചിൻ ഷിപ്പ്യാർഡിൽ അസിസ്റ്റന്റ് ജനറൽ മാനേജറായിരുന്നു . 2011-ലെ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏറ്റവും മികച്ച വിവർത്തകനുള്ള പുരസ്കാരത്തിന് അർഹനായി . ക്ലാസിക്കുകളടക്കമുള്ള നിരവധി കൃതികൾ മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്.

പതിനേഴാം നൂറ്റാണ്ടിലെ ഫ്രഞ്ച് വിപ്ലവത്തിന്റെ രക്തപങ്കിലമായ ചരിത്രപശ്ചാത്തലത്തിൽ എഴുതപെട്ട നോവൽ . ചാൾസ് ഡിക്കന്സിന്റെ ചരിത്രപരവും ഐതിഹാസികവുമായ കൃതി . ഇംഗ്ലീഷ് രാജഭരണത്തിന്റെയും ഫ്രഞ്ച് രാജഭരണത്തിന്റെയും അതിതീക്ഷ്ണമായ തിന്മകൾ , പ്രഭുവാഴ്ചകളുടെ കുടിലതകൾ , ഭൂരിപക്ഷജനതയുടെ ദൈന്യതകൾ . സാമൂഹിക ചരിത്രത്തിന്റെ സത്യസന്ധമായ ആവിഷ്കാരം . ഫ്രഞ്ച് വിപ്ലവം ഒരു മുഴക്കത്തോടെ കടന്നുവന്നു. അതിഘോരമായ അലർച്ചയോടെ മനുഷ്യസമുദ്ര ഇളകി മറിഞ്ഞു . "സ്വാതന്ത്രം , സമത്വം , സാഹോദര്യം , അല്ലെങ്കിൽ മരണം." ഗില്ലറ്റിൻ ഒരുപാട് പേരുടെ തലയറുത്തു . തടവറയിൽ അകാരണമായി പീഡിപ്പിക്കപ്പെട്ട ഡോ.മാനറ്റിന്റെയും ജയിൽവിമോചനത്തിന്റെ അന്ത്യനാളുകളിൽ അച്ഛനോടൊത്തു ജീവിച്ച മകൾ ലൂസിയയുടെയും ജീവിത സ്പർശിയായ കഥയുടെ പശ്ചാത്തലത്തിലാണ് ഈ പുസ്തകം രചിക്കപ്പെട്ടിട്ടുള്ളത് . പൂർണരൂപത്തിൽ തയ്യാറാക്കിയ പരിഭാഷ .

# ധീരതക്കൊരു സമ്മാനം

ഡോ .എം ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ എഴുതിയ രസകരമായ പുസ്തകമാണ് (ധീരതക്കൊരു സമ്മാനം) നമുക്ക് വായിച്ചാസ്വദിക്കാനും പ്രകൃതിയും ചുറ്റുപാടുകളുമായി നമുക്കുള്ള ബന്ധം വിപുലമാക്കുവാനും ഉതകുന്ന രീതിയിലാണ് ധീരതക്കൊരു സമ്മാനം എന്ന ഈ നോവൽ എഴുതിയിരിക്കുന്നത് .സമൂഹത്തിന് വലിയ ഭീഷിണിയായിക്കൊണ്ടിരിക്കുന്ന ലഹരിവസ്തുക്കളുടെ ദുരുപകയോഗത്തെകുറിച്ച് നോവൽ ഗൗരവമായി ചർച്ചചെയ്യുന്നു. നമ്മൾ വിദ്യാർത്ഥികൾക്ക് സമൂഹത്തോടുള്ള പ്രതിബന്ധതയും അതോടൊപ്പം മുതിർന്നവർക്ക് കുട്ടികളോടുള്ള ഉത്തരവാദിത്തവും മറ്റൊരു പ്രധാന ചർച്ചാ വിഷയമായി ഇതിൽ അവതരിപ്പിച്ചിട്ടുണ്ട്.ലളിതമായ ഭാഷയിൽ നിറയെ പ്രകൃതി വർണ്ണനകൾഉൾക്കൊള്ളിച്ചുകൊണ്ടു നോവൽ എഴുതിയിരിക്കുന്നത്. കുട്ടികൾക്കിതു നല്ല ഒരു വായനാനുഭവം നൽകുന്ന പുസ്തകമാണ്.

ജീവിതത്തിൽ ഒരുപാട് പ്രതിസന്ധികളുമായി ഒരു പുതിയ ജീവിതത്തിലേക്ക് കടക്കുന്ന സജീവൻ എന്ന പന്ത്രണ്ടു വയസ്സുകാരന്റെ കഥയാണ് നോവൽ പറയുന്നത് ജീവിതത്തിലുടനീളം അനുഭവിച്ച കഠിന പരീക്ഷണങ്ങൾ അവനിൽ വളർത്തിയ ധൈര്യവും ആത്മവിശ്വസവും ചെറുതല്ല.അത് അവനെ എങ്ങനെ പ്രതിസന്ധികളെ അതിജീവിച്ച് ജീവിതവിജയത്തിലെത്തിക്കുവാൻ സഹായിച്ചുവെന്നതാണ് നോവലിന്റെ പ്രമേയം

ഡോ എം ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ
ഇംഗ്ലീഷ് എം എ ,എം ഫിൽ ,പി എച്ച് ഡി ബിരുദങ്ങൾ നേടി.തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും റീഡർ .തസ്തികയിൽ നിന്നും വിരമിച്ചു ജേർണലിസത്തിൽ ബിരുദാനാന്തര ബിരുദ ഡിപ്ലോമയും നേടിയിട്ടുണ്ട്

# കാട്ടുപച്ച മണക്കുന്ന ഒരു പഠനത്തിന്റെ പുറകേ

## സാദിയ പി എസ്

കവി കാലത്തെയും ജീവിതത്തെയും അടയാളപ്പെടുത്തുകയാണ് എന്നൊക്കെ കവിതകളെക്കുറിച്ച് നിരൂപണ ഇതിഹാസങ്ങൾ നിരവധി ഉണ്ടായിട്ടുണ്ട് . പക്ഷെ അനുനിമിഷം പരിവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നിനെ എവിടെയാണ് അടയാളപ്പെടുത്താനാവുക .

പച്ച മുളയിൽ കുത്തി ചുട്ടെടുത്ത ഇരയുടെ തീപ്പാതി കണ്ണുപോലെ നിശ്ചലമെന്ന് നമ്മൾ അടിവരയിടുന്ന ജീവിത നിമിഷങ്ങളിലേക്ക് അത് തുറിച്ച നോക്കുകയും ചെയ്യുന്നു . ഉടലിനെ അതിലംഘിക്കുന്ന വിചാരങ്ങൾ കൊണ്ട് ഈ നോട്ടങ്ങളെ ആഴങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നിടത്താണ് കവിത അതിന്റെ മാന്ത്രികത്തൂവാല വീശി വായനക്കാരനെ രൂപാന്തരങ്ങൾക്ക് വിധേയപ്പെടുത്തുന്നത് . അങ്ങനെ ഗ്രിഗർ സംസയെപ്പോലെ ഷഡ്പദമായി , സാന്തിയാഗോയുടെ ചുണ്ടത്തുമ്പിലെ മാംസമറ്റുപോകമ്പോഴും പൊരുതി നിൽക്കുന്ന മൽസ്യമായി , വിളഞ്ഞു നിൽക്കുന്ന പാടങ്ങൾക്ക് അറ്റത്തെ പഴുത്തു നിൽക്കുന്ന സുര്യന്റെ തപിപ്പിക്കുന്ന ഉന്മാദമായി നമ്മൾ രൂപാന്തരപ്പെടുന്നു . അത്തരം ഒരു വിപരിണാമത്തിലേക്ക് വേണ്ടത്ര ചെത്തിക്കൂർപ്പിച്ച് മിനുസപ്പെടുത്തിയ വാക്കിന്റെ കുന്തങ്ങളിൽ കോർത്തെടുക്കുന്ന വായനാനുഭവമായിരുന്നു എനിക്ക് "വായിൽ കൊമ്പുള്ള പക്ഷി .

"ആത്മബലികളുടെ
താഴ്വരയിലാണ്
ഞാനെന്റെ
പൂക്കളെയുണക്കാനിട്ടിരിക്കുന്നത് ' എന്ന് പറയുന്നു .എന്നാൽ

നനഞ്ഞ,ലോലമായ പട്ടുനൂൽ പോലെ ഒട്ടിനിൽക്കുന്ന ആർദ്രമായ പലമാതിരി പ്രണയവാസ്ഥകളുടെ കാട്ടുപച്ച മണക്കുന്ന കാറ്റ് തിങ്ങി നിൽക്കുന്നുമുണ്ട് ഇതിലെ പല പല കവിതകളിൽ . അത് ചിലപ്പോൾ ജീവിതത്തോട് ,ചിലപ്പോൾ ഇനിയും ഉടൽ രൂപമെടുത്തിട്ടില്ലത്ത ,അമൂർത്തമായ പ്രണയ കല്പനയോട്, ചിലപ്പോൾ ഉള്ളിലെ താൻ തന്നെ ആയ മനസ്സിലാകായ്ക എന്ന പ്രഹേളികയോടുള്ള പ്രണയമായും മാറി മാറി വരുന്നു .പക്ഷേ അപ്പോഴും അത്

"പ്രളയകാലത്തിന്റെ മറുകരയിൽ
തുല്യനീതിയിൽ നമുക്ക്
പുണർന്നു ശയിക്കണെ " മെന്ന് രതിയിൽ പോലും 'തുല്യ നീതി' യില്ലാത്ത കെട്ടകാലത്തിന്റെ ഓർമപ്പെടുത്തലുകളും ആക്കുന്നുണ്ട് .

ബുദ്ധനും കന്യാമറിയവും കള്ളിമുൾച്ചെടികളായ കാമുകന്മാരും നോക്കിയിരിക്കെ മൈതാനമാകെ തിന്നുതീർക്കുന്ന ഏട്ടിലെ കള്ളപ്പശുവിന്റെ കണ്ണിലെ വല്ലാത്ത ദാഹവും ക്രൗര്യങ്ങളൊഴിയാത്ത കാട്ടുപൊന്തകളുടെ ഗന്ധവും ഒക്കെ ചേർന്ന് എഴുത്തിന്റെ ആസ്വാദകരമായ ഒരു കാർണിവൽ സൃഷ്ടിക്കുന്നുണ്ട് ഈ കവിതാസമാഹാരം .

## അബോധത്തിന്റെ ബോധവഴികൾ അജിത ടീച്ചുടെ വായിൽ കൊമ്പുള്ള പക്ഷിയുടെ ആമുഖക്കുറിപ്പിൽനിന്ന് എനിക്കിഷ്ടപ്പെട്ട വരികൾ അടർത്തിമാറ്റിയത്.

ജീവിതത്തിൽ നമ്മളറിയാതെ നമ്മെ ആവേശിക്കുന്ന ചില ആദൃശ്യ വിരൽ ഭാഷ്യങ്ങളുണ്ട് . അത്തരത്തിലുള്ള ചില നീക്കിയിരിപ്പുകളാണ് എന്റെയീ സമാഹാരത്തിലുള്ളത് എന്നതു കൊണ്ടവസാനം ഒട്ടും പ്രതീക്ഷിച്ചിരിക്കാത്ത ഒരു നിമിഷത്തിൽ അബോധത്തിന്റെ ബോധ വഴികൾ എന്ന് ഒരു ആമുഖ ശീർഷകം എനിക്ക് വെളിപ്പെട്ടു കിട്ടിയത് . ഓരോ എഴുത്തനുഭവവും അങ്ങനെ തന്നെ .അബോധപൂർവമായ ബോധപ്പെടലുകൾ .

തണലുകൾ തന്ന മരങ്ങൾ ഒരുപാടുണ്ട് .ആ തണലുകളെ പേരെടുത് പറയേണ്ടതില്ല . അവരാതാഗ്രഹിക്കുനുണ്ടാവില്ല വയ്യ !

"ആഴങ്ങളിൽ
വേരോടിയതൊക്കെയും
ആജ്ഞാതമായ
ഗുരുസാന്നിധ്യങ്ങളായിരുന്നു-”
തണലുകളുടെ തണലിൽ വിളഞ്ഞു പാകമായി ഇങ്ങനെ
അബോധത്തിന്റെ ബോധ വഴികൾ.

ജീവിതത്തിൽ നമ്മളറിയാതെ നമ്മെ ആവേശിക്കുന്ന ചില ആദൃശ്യ വിരൽ ഭാഷ്യങ്ങളുണ്ട് . അത്തരത്തിലുള്ള ചില നീക്കിയിരിപ്പുകളാണ് എന്റെയീ സമാഹാരത്തിലുള്ളത് എന്നതു കൊണ്ടവസാനം ഒട്ടും പ്രതീ
ക്ഷിച്ചിരിക്കാത്ത ഒരു നിമിഷത്തിൽ അബോധത്തിന്റെ ബോധ വഴികൾ എന്ന് ഒരു ആമുഖ ശീർഷകം എനിക്ക് വെളിപ്പെട്ടു കിട്ടിയത് . ഓരോ എഴുത്തനുഭവവും അങ്ങനെ തന്നെ.അബോധവപൂർവമായാ ബോധപ്പെ ടലുകൾ .

മുഹമ്മദ് അദിനാൻ ടി എച്ച്
ക്ലാസ്സ് ഒമ്പത്

# നാരായണഗുരു - വായനാനുഭവം

ഡോ . പി വി ഉണ്ണികൃഷ്ണൻ എഴുതി ഐ. ബുക്ക്സ് പ്രസിദ്ധീകരിച്ച പുസ്തകമാ ണ് നാരായണഗുരു . ഭാരതീയ മഹത്ദർശനങ്ങളെയെല്ലാം കാറ്റും വെളിച്ചവും കയറാത്ത ശ്വാസം മുട്ടുന്ന ഇരുട്ടറകളിലൊതുക്കി തുറന്ന സംവാദത്തിനുള്ള സാധ്യതകളെല്ലാം തന്നെ വിലക്കുന്ന പുതിയ കാലത്ത് നാരായണഗുരു ദർശനത്തിന്റെ ഉയർന്ന മാനവിക മുല്യങ്ങൾ തുറന്നുതരുന്ന പുസ്തകമാണ് നാരായണഗുരു.നാരായണ ഗുരുവിന്റെ യഥാർത്ഥ വ്യക്തിത്വവും ധൈഷണികതയും മനസ്സിലാക്കാൻ ശ്രമിക്കുന്നവർക്ക് ആശ്രയിക്കാവുന്ന ഒരു അമൂല്യ ഗ്രന്ഥമാണിത് .

ഡോ . പി വി ഉണ്ണികൃഷ്ണൻ 1946 - ൽ പാലക്കാട് ജനിച്ചു. വിദ്യാഭ്യാസം : എറണാകുളം എസ് . എച്ച് കോളേജ് തേവര,ഗവ : കോളേജ് ചിറ്റൂർ ,യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം. ഫിലോസഫിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും. 'സ്ട്രക്ചറലിസവും ഡയലിക്റ്റിക്സും നടരാജഗുരുവിന്റെ കൃതികളിൽ. പി എച്ച് ഡി 1971 - ൽ എറണാകുളം മഹാരാജാസ് കോളേജിൽ അധ്യാപകനായി പ്ര വേശിച്ചു. തുടർന്ന് ഗവ: കോളേജ് ചിറ്റൂർ , കോഴിക്കോട് ഗവ : ആർട്സ് ആൻഡ് സയൻസ് കോളേജ് , ഗവ : ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിലും 1992 - മുതൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ പ്രവർത്തിച്ചു . 2007 - ൽ വിരമിച്ചു . കേരളത്തിലും പുറത്തും വിവിധം സർവകലാശാലകളിലും അക്കാഡമിക്ക് സമിതികളിലും പ്രവർത്തിച്ചു . കാലടി സംസ്കൃത സർവകലാശാല ഉൾപ്പടെ കേരളത്തിലെ എല്ലാ സർവകലാശാലകളിലും പ്രവർത്തിച്ചിട്ടുണ്ട് . കൃതികൾ : തത്ത്വശാസ്ത്രം പാശ്ചാത്യ ചിന്തകളിലുലൂടെ , മുറ്റത്തും മനുഷ്യനും, സൈലന്റ് മൈൽ ഓഫ് എ ഫിലോസഫർ , ഫിലോസഫി ആന്റ് ജിയോ ഡയലക്ടിക്സ് , ഹ്യൂമാനിസ്റ്റിക്സ് ടേൺ ഇൻ ആർ സുന്ദരാജൻസ് റൈറ്റിംഗ്സ് , തത്വചിന്തയും ഡയലക്ടിസും.

നാരായണഗുരുവിന്റെ ചിന്തകളും ദാർശനിക വിക്ഷണങ്ങളും നാൾക്കുനാൾ പ്രചാരം ലഭിച്ചുപോരുകയാണ് .ലോകമെമ്പാടും ഗുരുചിന്ത ശ്രദ്ധയോടെ പഠിച്ചു ചർച്ചചെയ്തുവരുന്നു.ആധുനിക ചിന്താമേഖലയിലും ദാർശനിക തത്വചിന്താതലത്തിലും നാരായണഗുരു തന്റെ കൃതികളിലൂടെയും ജീവിതത്തിലൂടെയും നിർവഹിച്ച പ്രചാരത്തിലുപരിയായി ലോകശ്രദ്ധ നേടിയിരിക്കുന്നു; കേവലം നൂറു വർഷം കൊണ്ട് അദ്ദേഹം ബൃഹത് ആഖ്യാനങ്ങളൊന്നും രചിച്ചിട്ടില്ല നൂറ്റിയമ്പതോളം പേജ് വരുന്നതാണ് ഗുരുകൃതികൾ. മിതഭാഷിയും മിതരചയിതാവുമായിരുന്നു നാരായണഗുരു. അവയിലൂടെ വലിയ മാനത്തിൽ ആശയചിന്താവ്യാപനത്തിന് വഴിയൊരുക്കുകയുമുണ്ടായി.വാചാടോപുംഗുരുവിനുണ്ടായിരുന്നില്ല. ഈ ചിന്തയും ദർശനവും സമീപനരീതിയും മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും നമ്മുക്ക് ഇന്നും സാധിച്ചിട്ടുണ്ടോ എന്നതു സംശ

മാണ് .

നാരായണഗുരുവിനെ മനസ്സിലാക്കുവാനും അദ്ദേഹത്തി ന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും ഉള്ള ശ്രമത്തിന്റെ ഭാഗമായി ലേഖനങ്ങളും പുസ്തകങ്ങളും ദിവസവുമെന്നോണം പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നു.പഠിതാക്കളുടെ കാഴ്ചപ്പാടുകളിലെ വൈവിധ്യവും വൈരുദ്ധ്യവും വായനക്കാരെ ആശയക്കുഴപ്പത്തിലാക്കുന്നുണ്ട്. ഗുരു 1903ൽ സ്ഥാപിച്ച ഒരു സംഘടനയിൽ ക്കൂടി ഗുരു കുറെയേറെ പ്രവർത്തനങ്ങൾ നടത്തി വർഷങ്ങൾ കഴിഞ്ഞപ്പോൾ ഗുരുവിന് സംഘടനയെ തള്ളിപ്പറയേണ്ടി വന്നു. ഗുരുവിനെ മനസ്സിലാക്കാൻ അനുയായികൾക്ക് സാധിച്ചില്ല.അവർ അതിനു ശ്രമിച്ചതുമില്ല. ഭക്തിയുടെ മാർഗമാണ് അവർ സ്വീകരിച്ചിരുന്നത്.കാറ്റും വെളിച്ചവും കയറാത്ത ഇരുട്ടറകളിൽ പ്രതിഷ്ഠിച്ച ഗുരുവിനെ അവർ ശ്വാസം മുട്ടിക്കുകയാണ് .

ഗുരു ജീവിച്ചിരുന്ന കാലതത്ത് ഈഴവരോ ഹിന്ദുക്കളോ സംഘത്തിൽ അംഗങ്ങളായിരുന്നു.ഇന്ന് സംഘടന ഒരു ജാതിക്കാരുടെ മാത്രമാണെന്ന് പറയാൻ അതിന്റെ നേതാക്കമാർക്ക് മടിയില്ല; അതുപോലെതന്നെ ഒരു മതക്കാരുടെ മാത്രം സംഘടയാണെന്നും ശ്രീ നാരായണ ധർമസംഘത്തിലെ സന്യാസിമാർ. ഹിന്ദുസന്യസിമാരുടെ യോഗത്തിൽ സംബന്ധിക്കുന്നതിനെ സംഘം വിലക്കിയിട്ടുണ്ട് . ആ സന്യസസംഘം ഇപ്പോൾ ഗുരുവിന്റെ ആദർശങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്ന എസ്.എൻ.ഡി.പി യോഗത്തെപ്പറ്റി മിണ്ടുന്നില്ല.

ഗുരുവിന്റെ പേരിൽ രണ്ട് സന്യാസി പരമ്പരകളാണുള്ളത്. കൂടുതൽ അംഗങ്ങളുള്ള പരമ്പരയാണ് ശിവഗിരി ആസ്ഥനമായി പ്രവർത്തിക്കുന്ന ധർമ്മസംഘം അംഗസംഖ്യ കുറയുമെങ്കിലും കൂടുതൽ പ്രവർത്തിക്കുന്ന സന്യസിമാരുടെ സംഘമാണ് നാരായണ ഗുരുകുലം. ഇപ്പോഴത്തെ അധ്യക്ഷൻ ഗുരു മുനി നാരായണപ്രസാദ് ആണ്.ഗുരു നിത്യചൈതന്യയതിയിൽ നിന്നുമാണ് നാരായണ പ്രസാദ് സ്ഥാനമേറ്റത് യതി,നടരാജഗുരുവിന്റെ ശിഷ്യനായിരുന്നു. നടരാജനെ ഉപരിപഠനത്തിനായി യൂറോപ്പിലേക്ക് അയച്ചത് നാരായണ ഗുരുവാണ്, പക്ഷെ നടരാജൻ മടങ്ങിവരുന്നതിനു മുമ്പ് ഗുരു സമാധിയായി.ഇന്ത്യയിൽ മടങ്ങിയെത്തിയ നടരാജൻ ധർമ്മസംഘത്തിൽ ചേർന്നില്ല.

കേരളത്തിന് പുറത്തും ഇന്ത്യക്കു പുറത്തും നാരായണഗുരുവിന്റെ ദർശനം പ്രചരിപ്പിക്കുക എന്ന ഗുരു നിത്യചൈതന്യയതിയെയും മുനി നാരായണപ്രസാദിനെയും അവരുടെ കാഴ്ചപ്പാടിനെയും പ്രവർത്തന ശൈലിയെയും പറ്റി അറിയാവുന്ന മലയാളികൾ ചുരുക്കമാണ്. അവരിലൊരാളാണ് സർവകലാശാല തലത്തിൽ ഫിലോസഫി പഠിപ്പിക്കുന്ന പണ്ഡിതനായ പ്രൊഫസർ പി.വി ഉണ്ണിക്കൃഷ്ണൻ.

ഡോ.ഉണ്ണികൃഷ്ണന്റെ പുതിയ പുസ്തകം നാരയണ ഗുരുവിനെപ്പറ്റി നമുക്ക് പല പുതിയ അറിവുകളും തരുന്നുണ്ട്.നടരാജഗുരു മുതൽ നാരായണപ്രസാദ് വരെയുള്ള ഗുരുക്കന്മാരുമായുള്ള അടുത്ത പരിചയവും വ്യക്തിബന്ധവും നാരായണ ഗുരുവിന്റെ കൃതികൾ ആഴത്തിൽ പഠിക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. ഗുരുവിന്റെ ദാർശനിക രചനകളിൽ ഏറ്റവും പ്രധാനമെന്ന് പറയാവുന്ന ദർശനമാലയെപ്പറ്റി പറയുമ്പോൾ ആ കൃതി ഉണ്ടാവാനിടയായ പശ്ചാത്തലം എന്ന ശിഷ്യൻ ഗുരുവിനോട് ഇങ്ങനെ ഒരു അഭ്യർത്ഥന നടത്തി ; "അങ്ങയുടെ ദാർശനിക നിലപാടും ജീവിതദൗത്യവും എന്തെന്ന് വരും തലമുറയ്ക്ക് മനസിലാക്കാനായി ഒരു കൃതി ഉണ്ടായാൽ നന്നായിരുന്നു. "ദർശനമാലയിലൂടെ വേണം ഗുരുവിനെ സമീപിക്കേണ്ടത് ദിവസവുമെന്നോണം പ്രസിദ്ധപ്പെടുത്തികൊണ്ടിരിക്കുന്നു പഠിതാക്കളുടെ കാഴ്ചപ്പാടുകളിലും വൈവിധ്യവും വൈരുധ്യവും വായനക്കാരെ ആശയകുഴപ്പത്തിലാകുന്നുണ്ട് ഗുരു 1903 -ൽ സ്ഥാപിച്ച ഒരു സംഘടനയിൽ കൂടി ഗുരു കുറെയേറെ പ്രവർത്തനങ്ങൾ നടത്തി. വർഷങ്ങൾ കഴിഞ്ഞപ്പോൾ ഗുരുവിനു സംഘടനയെ തള്ളിപറയേണ്ടിവന്നു.ഗുരുവിനെ മനസിലാക്കാൻ അനുയായികൾക്ക് സാധിച്ചില്ല അവർ അതിനു ശ്രമിച്ചതുമില്ല. ഭക്തിയുടെമാർഗ്ഗമാണ് അവർ നവീകരിച്ചിരിക്കുന്നത് കാറ്റും വെളിച്ചവും കയറാത്ത ഇരുട്ടറകളിൽ പ്രതിഷ്ഠിച്ച ഗുരുവിനെ അവർ ശ്വാസം മുട്ടിക്കുകയാണ് .

നാരായണഗുരുകുലത്തെപ്പറ്റി ഒട്ടേറെ വിവരങ്ങൾ അതിന്റെ ഉൽഭവം,പ്രവർത്തനശൈലി,ലക്ഷ്യങ്ങൾ ഗ്രന്ഥകാരൻ നമുക്ക് തരുന്നുണ്ട്.ഗാരി ഡേവിസിനെപ്പറ്റിയുള്ള ലേഖനം ഹൃദയ സ്പർശിയാണ്. യാത്രക്കിടയിൽ നടരാജഗുരുവിനെ കണ്ടുമുട്ടുന്ന ഗാരി ,ഗുരുവിന്റെ ലോകപൗരത്വമെന്ന ആശയത്തിലേക്ക് ആകർഷിക്കപെടുന്നത് ആത്മാർഥമായി അതിനുവേണ്ടി യത്നിക്കുന്നതും ആദർശത്തിന്റെ മഹത്വമാണ് വിളിച്ചോതുന്നത്.ഇസ്രായേൽ പ്രധാനമന്ത്രി പി.എൽ .ഒ നേതാവും തമ്മിൽ സമാധാന ഉടമ്പടി ഒപ്പു വയ്ക്കുന്നതിന് ഇടവരുത്തിയ പത്രപ്രവർത്തകയുടെ അഞ്ചവർഷം നീണ്ട ഭഗീരഥപ്രയത്നം ഒരു കഥാകൃത്തിന്റെ പാടവത്തോടെ ഗ്രന്ധകാരൻ വിവരിക്കുന്നു തെക്കെ ഇന്ത്യയിലെ ജാതിവ്യവസ്ഥയെപ്പറ്റി സ്വാതത്രമായ കാഴ്ചപ്പാടാണ് ഗ്രന്ഥകാരൻ അവതതരിപ്പിക്കുന്നത്. സ്വയംഭൂക്കളായ ദേവന്മാരെന്ന് നാരായണഗുരു വിശേഷിപ്പിക്കുന്ന അവർണരെ സെൻസസ് ഉദ്യോഗസ്ഥർ ഹിന്ദുക്കളായി ചിത്രീകരിക്കാനിടയായി ചരിത്ര സന്ദർഭം വെളിച്ചത്തുകൊണ്ട് വരുന്നതിൽ ഗ്രന്ഥകാരൻ വിജയിച്ചിട്ടുണ്ട്.

# വാഴ്ത്തുകൾ - പാബ്ലോ നെരൂദ

ഇന്നു കാലത്ത്
ജാഗ്രതയോടെ
ഞാനൊരു വിരലു നീട്ടി,
എന്റെ വാരിയെല്ലുകൾക്കു മുകളിലൂടെ,
തരിപ്പണമായ
എന്റെ ഉടലിലൂടെ
ഞാനതിനെ കൊണ്ടുപോയി,
കേടു പറ്റാത്ത ഒരേയൊരു കാര്യം
കവചം പോലുറച്ച
എന്റെ പാവം തലയോടാണെന്ന്
ഞാൻ കണ്ടു.
എന്റെ മുതിർന്ന കാലത്ത്
എത്ര തവണ
യാത്രകളിൽ,
പ്രണയബന്ധങ്ങളിൽ
ഓരോ മുടിയിഴയും
നെറ്റിയിലെ ഓരോ ചുളിവും
ഞാൻ പരിശോധനയ്ക്കു വിധേയമാക്കിയിട്ടില്ല;
എന്നിട്ടുപോലും ഞാൻ ശ്രദ്ധിച്ചില്ല,
എന്റെ ശിരസ്സിന്റെ ഗാംഭീര്യം,
ചിന്തയുടെ അസ്ഥിഗോപുരം,
കട്ടിനാളികേരം,
ഘടികാരസൂത്രം കാത്തുസൂക്ഷിക്കുന്ന
കാൽസിയത്തിന്റെ താഴികക്കുടം,
അതിസൂക്ഷ്മമായ നിധികൾക്കു
കാവലായ കട്ടിച്ചുമര്...

# കുട്ടിക്കൂട്ടം 2023-24




# സാങ്കേതിക സഹായങ്ങൾക്ക് പിന്നിൽ

# ആൽക്കെമിസ്റ്റിലൂടെ ഒരു യാത്ര

ലക്ഷ്മി കൃഷ്ണ - ക്ലാസ്സ് ഒമ്പത്

സ്പെയിനിലെ പ്രശസ്തമായ ഒരു തീർത്ഥാടന കേന്ദ്രത്തിൽ വച്ചുണ്ടായ ഒരു അനുഭവത്തിന്റെ പ്രചോദനത്തിലാണ് ബ്രസീലിയൻ സാഹിത്യകാരനായ പൗലോ കൊയ്‌ലോ കഥയെഴുത്തിലേക് തിരിഞ്ഞത് . തന്റെ ആദ്യത്തെ പുസ്തകമായ 'പിൽഗ്രിമേജ്' എന്ന തന്റെ പുസ്തകത്തിൽ കൊയ്‌ലോ തന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നുണ്ട് . ഐഹിക ജീവിതത്തിന് ദൈവികമായ സൗരഭ്യം നൽക്കുന്ന വഴിയാണ് പൗലോ കൊയ്‌ലോയുടേത് . ഒരു സ്വപ്നദര്ശനത്തിന്റെ പ്രേരണയിൽ സാന്റിയാഗോ എന്ന ഇടയബാലൻ നടത്തുന്ന യാത്രയാണ് 'ആൽക്കമിസ്റ്റിന്റെ' പ്രതിപാദ്യം . അതുകൊണ്ട് തന്നെ അതൊരു യാത്രയുടെ പുസ്തകം കുടിയാകുന്നു . പക്ഷെ സാധാരണ യാത്ര മാത്രമല്ലത് . സന്ദേഹിയായ ഒരു മനുഷ്യൻ നടത്തുന്ന യാത്ര കൂടിയാണത് .

ഇന്ന് ലോകത്തിൽ ഏറ്റവുമധികം വായിക്കപ്പെടുന്നത് ഈ ബ്രസീലിയൻ സാഹിത്യകാരനാണെന്ന് 'ആൽക്കെമിസ്റ്റി'ന്റെ പ്രസാധകൻ പറയുന്നു . മൂന്നുതരം ആൽക്കമിസ്റ്റുകൾ ഉണ്ടത്രേ . പാലൊകൊയ്‌ലോ ആമുഖത്തിൽ പറയുന്നു . എന്താണ് പറയുന്നതെന്ന് സ്വയം ധാരണയില്ലാത്തതിനാൽ വ്യക്തത ഇല്ലാത്തവരത്രെ ആദ്യവിഭാഗം . രണ്ടാമത്തെ വിഭാഗത്തിന് ധാരണയുണ്ടെങ്കിലും ആൽക്കമിയുടെ ഭാഷ യുക്തികൊണ്ടല്ലാതെ ഹൃദയം കൊണ്ട് ഗ്രഹിക്കുന്നവർ . മൂന്നാമത്തവർ ഒരിക്കലും ആൽക്കമിയെ കുറിച്ച പറഞ്ഞു കേട്ടിട്ടില്ലെൻകിലും തങ്ങളുടെ ജീവിതം മുഖാന്തിരം രസായനക്കല്ല് [ഫിലോസോഫേർസ് സ്റ്റോൺ ]കണ്ടെത്തൻ കഴിയാത്തവരത്രെ .


പൗലോ കൊയ്‌ലോ ഗുരുവിൽ നിന്ന് പ്രേരണയാൽ രണ്ടാമത്തെ മാർഗമായ പ്രതീകാത്മകഭാഷയാണ് ലോകത്തിലെ ആത്മാവിലേക്കിറങ്ങാനുള്ള ഏക മാർഗമെന്ന് തീരുമാനിക്കുന്നു . അങ്ങിനെയാണ് ദൈവത്തിന്റെ അടയാളം കണ്ടെത്തുന്ന ഇതിഹാസം രചിക്കുന്ന വിശ്വരചയിതാവായി അദ്ദേഹം മാറുന്നത് .അതുകൊണ്ട് തന്നെ 'ദി ആർക്കമിസ്റ്റ് 'ഒരു പ്രതീകാത്മക കൃതിയാകുന്നു .വിശ്വ സാഹിത്യകാരന്മാരുടെ അദ്‌ഭുതപ്പെടുത്തുന്ന ഭാഷയെ കൂടി പ്രകീർത്തിക്കുന്നുണ്ട് ആമുഖ വിവരണത്തിൽ അദ്ദേഹം. ആദരവ് അർപ്പിക്കുകയും.

അവനവനിൽ തന്നെയുള്ളതിനെ ലോകം മുഴുവൻ അന്വേഷിച്ചലയുന്നവന്റെ മൗഢ്യം ഒരു ചെറിയ പാഠമല്ല .' ആൽക്കമിസ്റ്റ്' എന്ന നോവലിൽ നോവലിന്റെ അവസാനം ആകുമ്പോഴേക്കും പ്രത്യക്ഷപ്പെടുന്ന ആൽക്കെമിസ്റ്റ് സാന്തിയാഗോവിന്റെ ഈ പാഠം പഠിപ്പിക്കുവാൻ അവനെ പാകപ്പെടുത്തുന്ന ഒരു മഹാപ്രതിഭയാണ് .

'ആൽക്കെമിസ്റ്റ്' എന്നാണ് നോവലിന് പേര് കൊടുത്തിട്ടുള്ളതെങ്കി

ലും ആൽക്കെമിസ്റ്റ് നോവലിൽ പ്രത്യക്ഷപ്പെടുന്നത് ഏതാണ്ട് അവസാനിക്കാറാവുമ്പോളാണ് . ആൽക്കമിയുടെ രഹസ്യമന്വേഷിച്ചലയുന്നവന്റെ, നിധി തേടിയലയുന്നവന്റെ ,ഭൂമിയുടെ രഹസ്യമന്വേഷിക്കുന്നവന്റെ ,അവനവന്റെ തന്നെ രഹസ്യമന്വേഷിക്കുന്നവന്റെ സ്വപ്ന ദർശനവും സ്വപ്ന ദർശനത്തിന്റെ പൊരുളും അങ്ങനെ സ്വയം തിരിച്ചറിയലും .

നോവൽ നമ്മുടെ മുന്നിലേക്ക് തുറന്ന് വക്കുന്ന ഒരു നീണ്ട യാത്രയാണ് . ഓരോ യാത്രയുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ ജീവിത യാത്രയുടെ തന്നെ എന്നിടത്ത് നിധി അന്വേഷിച്ചലയുന്ന സാന്തിയാഗോവിനോടൊപ്പം നമ്മളും പരുവപ്പെടുന്നു , പാകപ്പെടുന്നു . ലോക സാഹിത്യങ്ങൾ പകർന്നു നൽകുന്നതും ഈയൊരു പക്വമായ പരുവപ്പെടലുകളാണ് .






# കുട്ടിക്കൂട്ടം - ലിറ്റിൽ കൈറ്റ്സ് സാരഥികൾ







# വരയുടെ വർണ്ണവിസ്മയം തീർക്കുന്ന രാജകുമാരൻ

- എയ്ദൻ ഗായ്സ്






# അലമാരയിൽ നിന്ന് ഹൃദയങ്ങളിലേക്ക്





# സർഗ്ഗോത്സവ പ്രതിഭകളെ ആദരിക്കൽ







# വാക്കിന്റെ തീത്തിളക്കങ്ങൾ

## സംവാദങ്ങൾ






## മലയാളമേ നിന്റെ വാക്കുകൾക്കുള്ളത്ര
## മധുരം തുടിക്കുന്നതേതു ഭാഷ






# യുവജനോൽസവം 2024
















# ഉപസംഹാരം

ഒരു ഉപസംഹാരത്തെപ്പറ്റി ആലോചിക്കുമ്പോൾ പറയുവാനേറെയുണ്ട്. ഞങ്ങളുടെ ലിറ്റിൽ കൈറ്റ്-കുട്ടിക്കൂട്ടം ഒരു മാഗസിൻ ഇറക്കാമന്ന് ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ മുതൽ കൂടെ നിന്ന് കഷ്ടപ്പെട്ട കുഞ്ഞുങ്ങളെപ്പറ്റി തന്നെയാണത്. പല വിധത്തിലുമുള്ള സമ്മർദ്ധങ്ങൾക്കും ഇടയിലാണവർ. കൂടെത്തന്നെ നിന്ന് വായിക്കുവാനുള്ള പുസ്തകങ്ങൾ വിതരണം ചെയ്യുക മുതൽ ടൈപ്പിങ് - ചെറിയ ജോലിയല്ലത്.അവർക്ക് വഴങ്ങുന്ന മാർഗങ്ങൾ അവർ സ്വീകരിച്ചു എന്നുള്ളത് അഭിനന്ദനം അർഹിക്കുന്നു.സഹായഹസ്തങ്ങൾ നീട്ടിയ മുഴുവൻ കുഞ്ഞുങ്ങളേയും പ്രശംസിക്കുവാനും കൃതജ്ഞത രേഖപ്പെടുത്തുവാനും ഈയവസരം വിനിയോഗിക്കുന്നു.

മഹത്തരങ്ങളായ വായന നിർവ്വിച്ചവർ ലൈബ്രറിയിൽ നിന്ന് മാറാതെ കൂടെയുണ്ടായിരുന്നവർ....

എല്ലാ കുഞ്ഞുങ്ങൾക്കും പുസ്തകങ്ങൾ

ചതിക്കാത്ത ചങ്ങാതി ആയിരിക്കും,തീർച്ച...

എല്ലാവർക്കും ഹൃദയസ്പന്ദന പുഷ്പങ്ങൾ വാരി വിതറുന്നു




# സിസിപിയുടെ ആകാശത്തിൽ നിന്ന് പിരിഞ്ഞു പോകുന്നവർ



# നന്ദി

little
KITE